# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ആയവന ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ ഇ കെ എം ( പി 8)1600/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 07/11/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആയവന ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ആയവന ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആയവന ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ ഇ കെ എം ( പി 8)1600/22 തീയ്യതി: 07/11/2022

## എറണാകുളം ജില്ലയിലെ ആയവന ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ആയവന ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 16-07-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ബിന്ദു എസ് നായർ | ഡെപ്യൂട്ടി ഡയറക്ടർ | 23-08-2022 | 31-08-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 23-08-2022 | 31-08-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.അജ്മൽ എ എസ്, ഓഡിറ്റ് ഓഫീസർ,
ശ്രീ.റഷീദ് സി എം, അസി:ഓഡിറ്റ് ഓഫീസർ,
ശ്രീമതി.സ്വപ്ന വി,ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.സുറുമി അജീഷ് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.ജയരാജ് പി എം | സെക്രട്ടറി | 01-04-2021 | 31-03-2022 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സിബി കൊന്താലം | അസി:സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീമതി.അഞ്ജു പോൾ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.വിക്ടോ ജൂബിൻ വർഗ്ഗീസ് | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ.ശിവപ്രിയ | മെഡിക്കൽ ഓഫീസർ, പി എച്ച് സി | 01-04-2021 | 31-03-2022 |
| ശ്രീമതി .ആര്യ സി ഉണ്ണി | അസി:എഞ്ചിനീയർ | 01-04-2021 | 19-11-2021 |
| ഒഴിവ് | അസി:എഞ്ചിനീയർ | 20-11-2021 | 25-11-2021 |
| ശ്രീമതി.പാർവ്വതി ദാസ് | അസി:എഞ്ചിനീയർ | 26-11-2021 | 15-01-2022 |
| ശ്രി. ഷിനോജ് വി എസ് | അസി:എഞ്ചിനീയർ | 15-01-2022 | 31-03-2022 |
| ശ്രീമതി.ജില്ലൂഷിൽ തോമസ് | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രി. അഭിറാം കെ | വി ഇ ഒ ഏനാനല്ലൂർ | 01-04-2021 | 31-03-2022 |
| ശ്രീമതി.ജാൻസി പൗലോസ് | വി ഇ ഒ കാലാമ്പൂർ | 01-04-2021 | 09-09-2021 |
| ശ്രീമതി.ദിവ്യ കെ പി | വി ഇ ഒ കാലാമ്പൂർ | 09-09-2021 | 31-03-2022 |
| ശ്രീമതി.ഗീതാഞ്ജലി റ്റി ആർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ഡോ.മഞ്ജു | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2021 | 31-03-2022 |

.

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: C.M.Rasheed (Asst. Audit Officer, On 29-08-2022)<br>Last Updated By: Joby George (Computer Assistant, On 19-10-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: C.M.Rasheed (Asst. Audit Officer, On 29-08-2022)<br>Last Updated By: Joby George (Computer Assistant, On 19-10-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: C.M.Rasheed (Asst. Audit Officer, On 29-08-2022)<br>Last Updated By: Joby George (Computer Assistant, On 19-10-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: C.M.Rasheed (Asst. Audit Officer, On 29-08-2022)<br>Last Updated By: Joby George (Computer Assistant, On 04-11-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: C.M.Rasheed (Asst. Audit Officer, On 29-08-2022)<br>Last Updated By: Joby George (Computer Assistant, On 19-10-2022) | 1-5 |
| 6 | ദേശീയ ഗ്രാമീണ തൊഴിലുറപ്പപദ്ധതി<br>Written By: C.M.Rasheed (Asst. Audit Officer, On 29-08-2022)<br>Last Updated By: Joby George (Computer Assistant, On 19-10-2022) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: C.M.Rasheed (Asst. Audit Officer, On 29-08-2022)<br>Last Updated By: Joby George (Computer Assistant, On 04-11-2022) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: C.M.Rasheed (Asst. Audit Officer, On 29-08-2022)<br>Last Updated By: Joby George (Computer Assistant, On 19-10-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: C.M.Rasheed (Asst. Audit Officer, On 29-08-2022)<br>Last Updated By: Joby George (Computer Assistant, On 19-10-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: C.M.Rasheed (Asst. Audit Officer, On 29-08-2022)<br>Last Updated By: Joby George (Computer Assistant, On 19-10-2022) | 1-10 |
| 11 | ഓഡിറ്റ് ഇംപാക്റ്റ്<br>Written By: C.M.Rasheed (Asst. Audit Officer, On 02-09-2022)<br>Last Updated By: Joby George (Computer Assistant, On 04-11-2022) | 1-11 |
| 12 | കെട്ടിടങ്ങളുടെ ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു<br>Written By: Swapna.V (Auditor, On 02-09-2022)<br>Last Updated By: Joby George (Computer Assistant, On 19-10-2022) | 1-12 |
| 13 | മൊബൈൽ ടവറുകളുടെ വസ്തു നികുതി,നികുതി കുടിശ്ശിക എന്നിവ ഈടാക്കിയിട്ടില്ല<br>Written By: Swapna.V (Auditor, On 02-09-2022)<br>Last Updated By: Joby George (Computer Assistant, On 19-10-2022) | 1-13 |
| 14 | ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു<br>Written By: Swapna.V (Auditor, On 02-09-2022)<br>Last Updated By: Joby George (Computer Assistant, On 19-10-2022) | 1-14 |
| 15 | സ്ഥാപന തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല<br>Written By: Swapna.V (Auditor, On 02-09-2022)<br>Last Updated By: Joby George (Computer Assistant, On 19-10-2022) | 1-15 |
| 16 | ജീവനക്കാരുടെ ആർജിതാവധി പണമാക്കി മാറ്റൽ -സർക്കാരിൽ നിന്നുള്ള സാധൂകരണം വാങ്ങേണ്ടതാണ്.<br>Written By: Swapna.V (Auditor, On 02-09-2022)<br>Last Updated By: Joby George (Computer Assistant, On 19-10-2022) | 1-16 |

| | | |
|---|---|---|
| 17 | സാമൂഹ്യസുരക്ഷാപെൻഷൻ- അപാകതകൾ<br>Written By: Swapna.V (Auditor, On 02-09-2022)<br>Last Updated By: Joby George (Computer Assistant, On 07-11-2022) | 1-17 |
| 18 | ഗ്രാമ സഭ-ചെലവുരേഖകൾ പരിശോധനക്കായി ലഭ്യമായിട്ടില്ല<br>Written By: Swapna.V (Auditor, On 02-09-2022)<br>Last Updated By: Joby George (Computer Assistant, On 19-10-2022) | 1-18 |
| 19 | സേവന ഫീസ് നടപടികൾ സ്വീകരിക്കണം<br>Written By: C.M.Rasheed (Asst. Audit Officer, On 02-09-2022)<br>Last Updated By: Joby George (Computer Assistant, On 04-11-2022) | 1-19 |
| 20 | സാക്ഷരതാ പരിപാടി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.<br>Written By: C.M.Rasheed (Asst. Audit Officer, On 02-09-2022)<br>Last Updated By: Joby George (Computer Assistant, On 04-11-2022) | 1-20 |
| 21 | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ - തുടർ പരിശോധന നടത്തി വിവരം ലഭ്യമാക്കണം<br>Written By: C.M.Rasheed (Asst. Audit Officer, On 02-09-2022)<br>Last Updated By: Joby George (Computer Assistant, On 19-10-2022) | 1-21 |
| 22 | ലൈഫ് മിഷൻ തുടർനടപടി സ്വീകരിക്കണം<br>Written By: C.M.Rasheed (Asst. Audit Officer, On 02-09-2022)<br>Last Updated By: Joby George (Computer Assistant, On 20-10-2022) | 1-22 |
| 23 | സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പ്രകാരമല്ലാതെ സാന്ത്വന പ്രവർത്തനം നടത്തുന്നു.<br>Written By: Ajmal A.S (Audit Officer, On 02-09-2022)<br>Last Updated By: Joby George (Computer Assistant, On 20-10-2022) | 1-23 |
| 24 | തൊഴിലുറപ്പ് പദ്ധതി - നിർവ്വഹണത്തിലെ അപാകതകൾ<br>Written By: C.M.Rasheed (Asst. Audit Officer, On 02-09-2022)<br>Last Updated By: Joby George (Computer Assistant, On 20-10-2022) | 1-24 |
| 25 | അംഗൻവാടി നിർമ്മാണം - നിർവ്വഹണത്തിലെ പോരായ്മകൾ<br>Written By: C.M.Rasheed (Asst. Audit Officer, On 02-09-2022)<br>Last Updated By: Joby George (Computer Assistant, On 20-10-2022) | 1-25 |
| 26 | കോവിഡ് പ്രതിരോധ പ്രവർത്തനം - അവലോകനം<br>Written By: C.M.Rasheed (Asst. Audit Officer, On 02-09-2022)<br>Last Updated By: Joby George (Computer Assistant, On 04-11-2022) | 1-26 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.<br>Written By: C.M.Rasheed (Asst. Audit Officer, On 29-08-2022)<br>Last Updated By: Joby George (Computer Assistant, On 04-11-2022) | 4-1 |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Swapna.V (Auditor, On 31-08-2022)<br>Last Updated By: Joby George (Computer Assistant, On 04-11-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Swapna.V (Auditor, On 31-08-2022)<br>Last Updated By: Joby George (Computer Assistant, On 04-11-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം<br>Written By: C.M.Rasheed (Asst. Audit Officer, On 29-08-2022)<br>Last Updated By: Joby George (Computer Assistant, On 04-11-2022) | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ്<br>Written By: C.M.Rasheed (Asst. Audit Officer, On 31-08-2022) | 4-5 |

| | | |
|---|---|---|
| | Last Updated By: Joby George (Computer Assistant, On 20-10-2022) | |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: C.M.Rasheed (Asst. Audit Officer, On 31-08-2022)<br>Last Updated By: Joby George (Computer Assistant, On 20-10-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: C.M.Rasheed (Asst. Audit Officer, On 31-08-2022)<br>Last Updated By: Swapna.V (Auditor, On 02-09-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: C.M.Rasheed (Asst. Audit Officer, On 31-08-2022)<br>Last Updated By: Swapna.V (Auditor, On 02-09-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: C.M.Rasheed (Asst. Audit Officer, On 31-08-2022)<br>Last Updated By: Joby George (Computer Assistant, On 04-11-2022) | 4-9 |
| 10 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: C.M.Rasheed (Asst. Audit Officer, On 31-08-2022)<br>Last Updated By: Joby George (Computer Assistant, On 20-10-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: C.M.Rasheed (Asst. Audit Officer, On 31-08-2022)<br>Last Updated By: Joby George (Computer Assistant, On 04-11-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് 19.2.2021 തീയതിയിലെ 1(1) നമ്പർ തീരുമാന പ്രകാരവും പുതുക്കിയ ബജറ്റ് 22.2.2022 തീയതിയിലെ 2(1) നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 24,20,34,173/- | 24,50,76,270/- |
| വാർഷിക കണക്ക് പ്രകാരം | 6,77,91,663/- | 6,34,31,935/- |

### 1-2 വാർഷിക ധനകാര്യ പത്രിക

പഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക സമയബന്ധിതമായി 2.06.2022 ന് ഓഡിറ്റിന് സമർപ്പിച്ചിട്ടുണ്ട്.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 4738752 |
| വരവ് | 67791663 |
| ആകെ | 72530415 |
| ചെലവ് | 63431935 |
| നീക്കിയിരിപ്പ് | 9098480 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 21000 |

### 1-4 ഫണ്ട് വിനിയോഗം

| ഗ്രാന്റ് | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് / ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ | 00 | 10049385 | 10049385 | 10049385 | 00 |
| വികസന ഫണ്ട്- എസ്.സി.പി | 00 | 2989069 | 2989069 | 2877066 | 112003 |
| വികസന ഫണ്ട്- ടി.എസ്.പി | 00 | 130814 | 130814 | 130814 | 00 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (Un Tied) | 00 | 2843575 | 2843575 | 2774351 | 69224 |
| ധനകാര്യകമ്മീഷൻ (Tied Grant) | 00 | 4848951 | 4848951 | 2509283 | 2339668 |
| മെയിന്റനൻസ്, റോഡ് | 00 | 9858000 | 9858000 | 6847674 | 3010326 |
| മെയിന്റനൻസ്- റോഡിതരം | 00 | 4853319 | 4853319 | 2570040 | 2283279 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| ഐ.സി.ഡി.എസ് | 40781 | 731257 | 772038 | 772038 | 0 |
| ശുചിത്വ മിഷൻ ഗ്രാന്റ് | 1361067 | 0 | 1361067 | 784352 | 576715 |
| ടോട്ടൽ സാനിട്ടേഷൻ | 495383 | 0 | 495383 | 0 | 495383 |

| | | | | | |
|---|---|---|---|---|---|
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ ,മറ്റ് ഗ്രാന്റുകൾ | | | | | |
| ഖരമാലിന്യ സംസ്കരണം | 4591 | 0 | 4591 | 0 | 4591 |
| ലിറ്ററസി ശുചിത്വമിഷൻ | 1361067 | 0 | 1361067 | 784352 | 576715 |

2020-21 ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിരുന്നതും ആയതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് റിപ്പോർട്ട് ഭാഗം 1-4 ൽ ഉൾപ്പെടുത്തിയിരുന്നതുമായ ലിറ്ററസി ഇനത്തിലെ 37138 രൂപ യഥാർത്ഥത്തിൽ 2019-20 ൽ ചെലവ് വന്ന തുകയാണ്. ആയത് 2021-22 വർഷം Prior Period Items ൽ ഉൾപ്പെടുത്തി ജേർണൽ ചെയ്തിട്ടുണ്ട്. കോഡ് നം 320300199 പ്രകാരമുള്ള 509427/- രൂപയുടെ വിശദവിവരം ലഭ്യമായില്ല.

## 1-5 പദ്ധതി അവലോകനം

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് എണ്ണം | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് എണ്ണം | നടപ്പാക്കാത്തവ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|---|
| 2021-22 | 141 | 123200201 | 129 | 43014490 | 7 | 12 | 86.52% |

## 1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 96260 | 764654 | 860914 | 860491 | 423 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 00 | 21097278 | 21097278 | 21097278 | 0 |
| ആകെ | 96260 | 21861932 | 21958192 | 21957769 | 423 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 4296000 | 283 |
| വിധവാപെൻഷൻ | 10654600 | 705 |
| വാർദ്ധക്യകാലപെൻഷൻ | 25194400 | 1747 |
| വികലാംഗപെൻഷൻ | 3836600 | 253 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള വിവാഹ ധനസഹായം | 697600 | 45 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.8.2022 ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ

30976/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന തപാലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കപ്പെടുന്നതിന് ആവശ്യമായ ഫ്രണ്ട് ഓഫീസ് ഡയറി സൂക്ഷിക്കുന്നുണ്ടെങ്കിലും ഫയലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കുവാൻ നിലവിൽ സാധിക്കുന്നില്ല.

2. ഗ്രാമ പഞ്ചായത്തിലെ വിവിധ സെക്ഷനുകൾ നിലവിൽ പേഴ്സണൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. തപാലുകൾ ലഭിക്കുന്നതും അവയുടെ വിതരണവും സംബന്ധിച്ച വിവരങ്ങൾ സൂചികയിൽ നിന്നും ലഭ്യമാണെങ്കിലും അവയുടെ തീർപ്പാക്കൽ വിവരങ്ങൾ പൂർണ്ണമായും സൂചികയിൽ നിന്നും ലഭ്യമാകുന്നില്ല.

3. ഫ്രണ്ട് ഓഫീസിൽ കറണ്ട് ഫയൽ ജനറേറ്റ് ചെയ്യുമ്പോൾ മാത്രമേ നിലവിൽ സൂചികയിൽ എൻട്രി വരുന്നുള്ളൂ. തീർപ്പ് കൽപ്പിക്കുന്നതും വെരിഫിക്കേഷനും സംബന്ധിച്ച എൻട്രികൾ സൂചികയിൽ പ്രതിഫലിക്കുന്നില്ല. ബാക്ക് ഓഫീസ് സംവിധാനം സൂചികയിൽ പൂർണ്ണതോതിൽ പ്രവർത്തിക്കാത്തതിനാൽ ഫയലുകൾ അതത് സെക്ഷനുകളിൽ പെന്റിംഗായി കാണിക്കുന്നു.

4. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
5. പ്രൊജക്ടുകളിൽ മോണിറ്ററിംഗ് റിപ്പോർട്ട് സൂക്ഷിക്കുന്നില്ല.
6.ബിൽഡിംഗ് പെർമിറ്റ് റഗുലറൈസ് ചെയ്യുന്ന കെട്ടിടങ്ങളുടെ തുടർ വിവരങ്ങളുടെ വിവരം രജിസ്റ്ററിൽ ചേർക്കുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 26.02.2021 | 01.02.2020 മുതൽ 31.03.2021 വരെ | 09.08.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.06.2016 മുതൽ 11.07.2016 വരെ | 2011-2012 മുതൽ 2015-16 വരെ | 10.08.2016 |

## 1-11 ഓഡിറ്റ് ഇംപാക്റ്റ്

1.ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പ്രൊജക്ടുകളിൽ വാട്ടർ അതോറിറ്റിയിൽ അടവാക്കിയ തുകയിൽ അവശേഷിക്കുന്ന തുക തിരികെ ലഭിച്ചിട്ടില്ലാത്തതായി കണ്ടതിനാൽ ഓഡിറ്റ് എൻക്വയറി നം 1/24.08.2022 പ്രകാരം ചൂണ്ടിക്കാണിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രൊജക്ട് നം S148/22 ഇടപ്പഴം കവല - ചേരിങ്കച്ചാൽ റോഡ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ വാർഡ് 7, പ്രൊജക്ട് നം S155/22 കാവക്കാട് - ചെറുള്ളി റോഡ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ വാർഡ് 8 എന്നിവയിലെ അവശേഷിക്കുന്ന തുകയായ 85386 രൂപ 24.08.2022 ലെ ചെക്ക് നം 792992 പ്രകാരം അടവാക്കി.

2.ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ പ്രൊജക്ടിൽ നിയമാനുസൃതമുള്ള ഐ റ്റി - റ്റി ഡി എസ് കിഴിവ് ചെയ്യാതിരുന്നതിനാൽ സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് പ്രൊജക്ടിന്റെ കരാറുകാരന് അധികം അനുവദിച്ച 2000 രൂപ ഓഡിറ്റ് എൻക്വയറി നം 2/24.08.2022 പ്രകാരം ചൂണ്ടിക്കാണിച്ചതിന്റെ അടിസ്ഥാനത്തിൽ രസീത് നം 1220201148/G071406/26.08.2022 പ്രകാരം അടവാക്കി.

3.കരാറുകാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാതിരുന്നത് ഓഡിറ്റ് എൻക്വയറി 7/26.08.2022 പ്രകാരം ചൂണ്ടിക്കാണിച്ചതിന്റെ അടിസ്ഥാനത്തിൽ 14500 രൂപ രസീത് നം 1220201150/27.08.2022 മുതൽ1220201167/29.08.2022 വരെയുള്ള രസീത് പ്രകാരം അടവാക്കി.

4.ഗ്രാമ പഞ്ചായത്തിലെ തൊഴിലുറപ്പ് പദ്ധതിയുടെ മെറ്റീരിയൽ പ്രവൃത്തികളിൽ കരാറുകാരിൽ നിന്ന് നിയമാനുസൃത ജി എസ് റ്റി - റ്റി ഡി എസ് ഈടാക്കാത്തത് ഓഡിറ്റ് എൻക്വയറി 7/28.08.2022 പ്രകാരം ചൂണ്ടിക്കാണിച്ചതിന്റെ അടിസ്ഥാനത്തിൽ 15360 രൂപ രസീത് നം 1220201155/27.08.2022, 1220201156/27.08.2022 എന്നീ രസീതുകൾ പ്രകാരം അടവാക്കി.

5.കള്ളുഷാപ്പുകൾ, മെഡിക്കൽ ലാബുകൾ മുതലായ സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽനികുതി ഡിമാന്റ്

ചെയ്ത് ഈടാക്കാതിരുന്നത് ഓഡിറ്റ് എൻക്വയറി 15/28.08.2022 പ്രകാരം ചൂണ്ടിക്കാണിച്ചതിന്റെ അടിസ്ഥാനത്തിൽ 6704/-രൂപ രസീത് നം 1220201181/30.08.2022, 1220201195/30.08.2022, 1220201196/30.08.2022, 1220201197/30.08.2022 മുതലായ രസീതുകൾ പ്രകാരം അടവാക്കി.

6.മരാമത്ത് പ്രവൃത്തിയിൽ നിരക്ക് നൽകിയതിൽ അപാകത സംഭവിച്ചിട്ടുള്ളതായി കണ്ടതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് എൻക്വയറി നം 17/29.08.2022 പ്രകാരം ചൂണ്ടിക്കാണിച്ചതിന്റെ അടിസ്ഥാനത്തിൽ 7588 രൂപ രസീത് നം 1220201204/31.08.2022 പ്രകാരം അടവാക്കി.

### 1-12 കെട്ടിടങ്ങളുടെ ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു

ഗ്രാമ പഞ്ചായത്തിലെ 2021-22 ലേക്കുള്ള ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ നിന്നും ചുവടെ കൊടുത്തിരിക്കുന്ന കെട്ടിടങ്ങളുടെ ഉപയോഗക്രമം അപേക്ഷയിൽ രേഖപ്പെടുത്തിയതിൽ നിന്നും വ്യത്യസ്തമായി സഞ്ചയയിൽ രേഖപ്പെടുത്തിയിരിക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട ഉടമ/കെട്ടിട നം | ലൈസൻസ് അപേക്ഷപ്രകാരം ഉപയോഗക്രമം | സഞ്ചയപ്രകാരം ഉപയോഗക്രമം |
|---|---|---|---|
| 1 | ശ്രീ മാർട്ടിൻ മാണി , ചൂരക്കുഴിയിൽ/8/77A | റസിഡൻഷ്യൽ ഹോംസ്റ്റേ | പാർപ്പിടാവശ്യം |
| 2 | ബാലകൃഷ്ണൻ നായർ ശാസ്തമംഗലം /162/A | മർമ്മ ചികിൽസാലയം/ മൃഗങ്ങൾക്കുള്ള എണ്ണ വിൽപന നടത്തുന്നതിന് | പാർപ്പിടാവശ്യം |

റസിഡൻഷ്യൽ ഹോംസ്റ്റേക്ക് ഗ്രാമപഞ്ചായത്തിൽ വസ്തുനികുതി നിശ്ചയിച്ച് കമ്മറ്റി തീരുമാനം എടുത്തിട്ടുണ്ടെങ്കിൽ ആയത് പരിശോധനക്കായി ലഭ്യമാക്കുവാനുംമേൽ കെട്ടിടങ്ങളുടെ ഉപയോഗക്രമം മാറ്റുന്നതിനുള്ള അപേക്ഷ പഞ്ചായത്തിൽ ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് പരിശോധനക്കായി ലഭ്യമാക്കുവാനുമായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11/27.8.2022) ലഭ്യമായ മറുപടിയിൽ മേൽ കെട്ടിടങ്ങളുടെ ഉപയോഗക്രമം മാറ്റുന്നതിനുള്ള അപേക്ഷ സമർപ്പിക്കുന്നതിന് ഉടമസ്ഥരെ അറിയിച്ചിട്ടുണ്ടെന്നും ഗ്രാമപഞ്ചായത്ത് കമ്മറ്റി റസിഡൻഷ്യൽ ഹോംസ്റ്റേക്ക് വസ്തുനികുതി നിശ്ചയിക്കുന്ന മുറക്ക് 8/77 A കെട്ടിടത്തിന്റെ നികുതി പുനർനിർണ്ണയിച്ച് ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ആയത് ഈടാക്കി രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്. കൂടാതെ ക്രമ നം. 2 ലെ കെട്ടിടത്തിന്റേയും ഉപയോഗക്രമം മാറ്റി വസ്തുനികുതി പുനർനിർണ്ണയിച്ച് ഈടാക്കി രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

### 1-13 മൊബൈൽ ടവറുകളുടെ വസ്തു നികുതി,നികുതി കുടിശ്ശിക എന്നിവ ഈടാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്തിലെ ചുവടെ കൊടുത്തിരിക്കുന്ന മൊബൈൽ ടവറുകളുടെ വസ്തു നികുതി, നികുതി കുടിശ്ശിക എന്നിവ ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല .വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനം /കെട്ടിട നം | കുടിശ്ശിക തുക | ഈടാക്കേണ്ട കാലയളവ് |
|---|---|---|---|
| 1 | ബി.എസ്.എൻ.എൽ/2/343 | 118130/- | 2013 1st Half മുതൽ 2022 2nd Half വരെ |
| 2 | റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ് 6/80A | 26907/- | 2021 1st Half മുതൽ 2022 2nd Half വരെ |
| 3 | റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ്, 13/268A | 21502/- | 2021 1st Half മുതൽ 2022 2nd Half വരെ |

മേൽ അപാകതകൾക്ക് വിശദീകരണം നൽകുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16/28.8.2022) ലഭ്യമായ മറുപടിയിൽ മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക തുക ഈടാക്കുന്നതിന് ആർ.ആർ. നടപടികൾ സ്വീകരിച്ചുവരുന്നതായി അറിയിച്ചിട്ടുണ്ട്. ആർ.ആർ. നടപടികളുടെ തുടർ വിവരങ്ങൾ അറിയിക്കേണ്ടതാണ്.

### 1-14 ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

. ഗ്രാമപഞ്ചായത്തിന്റെ അനുമതിയും അതിൽ നിർദേശിച്ചിട്ടുള്ള ഉപാധികൾക്ക് അനുസൃതമല്ലാതെയും ആവിശക്തിയോ ജലശക്തിയോ മറ്റു യാന്ത്രിക ശക്തിയോ വിദ്യുത്ച്ഛക്തിയോ ഉപയോഗിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും ഫാക്ടറിയോ വർക്ക്ഷോപ്പോ പ്രവൃത്തിസ്ഥലമോ നിർമ്മിക്കുകയോ

ആയതിനുള്ള മേൽപ്പറഞ്ഞ യന്ത്രങ്ങൾ സ്ഥാപിക്കുകയോ ചെയ്യാൻ പാടുള്ളതല്ല. [കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232,232(1), 233]

എന്നാൽ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങൾ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും 2021-2022 വർഷത്തേക്കുള്ള ലൈസൻസ് എടുത്തതായി കാണുന്നില്ല.വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഉടമസ്ഥന്റെ പേര് / വാർഡ് നം/കെട്ടിട നം. | സ്ഥാപനം നടത്തുന്നതിന്റെ ഉദ്ദേശ്യം |
|---|---|---|
| 1 | മജീദ്,കാണിച്ചാട്ട്, I/502 | പ്രൊവിഷൻ സ്റ്റോർ |
| 2 | ബിയാട്രൈസ് ഡൊമനിക്, II/579 | ടെക്സ്റ്റൈൽ സ്റ്റിച്ചിംഗ് ഷോപ്പ് |
| 3 | സി.എസ് സത്യൻ, ചാലുമാറി പുത്തൻപുര II/484 | ബാർബർഷോപ്പ് |
| 4 | ഇ.ബി മൈതീൻ , ഇലവും തടത്തിൽ,II | ടീ ഷോപ്പ് |
| 5 | ബാവ,തോപ്പിൽ, II | ഫർണ്ണിച്ചർ ഷോപ്പ് |
| 6 | സുപ്രൻ, മംഗലത്ത്, II | പ്രൊവിഷൻ സ്റ്റോർ |
| 7 | ജമാൽ , ഇടശ്ശേരിക്കുളങ്ങര, II | പ്രൊവിഷൻ സ്റ്റോർ |
| 8 | ജോണി ജോൺ, ഇടക്കുടിയിൽ, IX/151,152 | റബ്ബർ ട്രേഡിംഗ് |
| 9 | ജിബി.എബ്രഹാം, മണ്ണത്തുകാരൻ, IX/156 | ഇലക്ട്രിക്കൽ ഐറ്റംസ് സെയിൽ |
| 10 | ടി.എം.മക്കാർ, തോപ്പിൽ, I/81,82 | യൂസ്ഡ് വെഹിക്കിൾ സെയിൽസ്ഷോപ്പ് |
| 11 | ദീപ ബിജു, അറക്കൽ, II/548 | വെജിറ്റബിൾ ഷോപ്പ് |
| 12 | മുഹമ്മദ്.സി.എസ്, ചെളിക്കണ്ടത്തിൽ, II/420 | പെയിന്റ്, ലൂബ്രിക്കന്റ് മാനുഫാക്ചറിംഗ് |

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.21/30.8.2022) ലഭ്യമായ മറുപടിയിൽ മേൽ സ്ഥാപനങ്ങൾക്ക് ലൈസൻസ് എടുക്കുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. മേൽ സ്ഥാപനങ്ങളിൽ നിന്നും ലൈസനൻസ് ഫീ ഈടാക്കി ലൈസൻസ് എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

1-15 സ്ഥാപന തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്തിലെ ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും 2021-22 സാമ്പത്തിക വർഷത്തെ(രണ്ട് അർദ്ധവർഷത്തേയും) സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപന ഉടമ/ വാർഡ് നം. | സ്ഥാപനത്തിന്റെപേര്/സ്ഥാപനം നടത്തുന്നതിന്റെ ഉദ്ദേശ്യം |
|---|---|---|
| 1 | മജീദ് , കാണിച്ചാട്ട്/1 | സ്റ്റേഷനറി |
| 2 | കെ.എൻ കൃഷ്ണൻകുട്ടി, കൊല്ലമ്മാവുടിയിൽ/3 | ബേക്കറി |
| 3 | ശ്രീജിത്ത് സി.എസ് , ചാലിൽ/3 | റിപ്പയറിംഗ് ഇലക്ട്രോണിക്സ് പാർട്സ് |
| 4 | ആസിഫ്, മുക്കണ്ണിയിൽ/5 | ഫർണ്ണിച്ചർ സെയിൽ ഷോപ്പ് |
| 5 | ചിന്തുരാജ് എ.എസ്. ആച്ചക്കോട്ടിൽ/3 | പാക്കിംഗ് ഡിസ്ട്രിബ്യൂഷൻ |

മേൽ കെട്ടിടങ്ങളുടെ സ്ഥാപനതൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15/28.8.2022) ലഭ്യമായ മറുപടിയിൽ സ്ഥാപന ഉടമകൾക്ക് നോട്ടീസ് നൽകി ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

## 1-16 ജീവനക്കാരുടെ ആർജിതാവധി പണമാക്കി മാറ്റൽ -സർക്കാരിൽ നിന്നുള്ള സാധൂകരണം വാങ്ങേണ്ടതാണ്.

സർക്കാർ, അർദ്ധ-സർക്കാർ, സർവ്വകലാശാലാ, പൊതുമേഖലാ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുൾപ്പെടെ മുഴുവൻ വിഭാഗം ജീവനക്കാരുടേയും ആർജിതാവധി പണമാക്കി മാറ്റുന്നതിനുള്ള (Periodical Surrender Of Earned Leave) അവകാശം താല്കാലികമായി മാറ്റി വെച്ചു കൊണ്ട്, GO (P) No.42/2020/Fin. Dated 16.04.2020, GO (P) No.43/2020/Fin. Dated 17.04.2020, 17.07.2020-ലെ GO(P) No. 94/2020/Fin,GO(P) No. 104/2021/ Fin. Dated 26/07/2021 എന്നിവ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഓഫീസ് അറ്റൻഡന്റ്,ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ, പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർ എന്നിവർക്ക് മാത്രമാണ് ആർജിതാവധി പണമാക്കി മാറ്റുന്നതിന് അവകാശം ഉണ്ടായിരുന്നത്.

മേൽ പറഞ്ഞ ഉത്തരവുകളിലൂടെ മാറ്റി വെയ്ക്കപ്പെട്ട ആർജിതാവധി സറണ്ടർ ആനുകൂല്യം, സറണ്ടർ തുക പി.എഫിൽ ലയിപ്പിക്കേണ്ടതാണെന്ന വ്യവസ്ഥയിൽ 2020 നവംബർ മാസം മുതൽ അനുവദിക്കുന്നതാണെന്നും, ഇപ്രകാരം ലയിപ്പിക്കുന്ന തുക 2021 ജൂൺ 1 മുതൽ മാത്രമേ അനുവദിക്കുകയുള്ളൂ എന്നും 05.11.2020-ലെ സ.ഉ.(അ) നം. 152/2020/ധന. ഉത്തരവിലൂടെ സർക്കാർ വ്യക്തമാക്കിയിരുന്നു.

ആർജിതാവധി സറണ്ടർ ആനുകൂല്യം പണമാക്കി മാറ്റുന്നതിനുള്ള അവകാശം മാറ്റി വെക്കപ്പെട്ടിട്ടുണ്ടെന്നിരിക്കെ, സർക്കാർ ഉത്തരവിനു വിരുദ്ധമായി പഞ്ചായത്തിലെ താഴെ പറയുന്ന ക്രമ നമ്പർ 1 മുതൽ 9 വരെയുള്ള ജീവനക്കാർ അവരുടെ 30 ദിവസത്തെ ആർജിതാവധിയും ക്രമ നം. 10 മുതൽ 12 വരെയുള്ള ജീവനക്കാർ 15 ദിവസത്തെ ആർജിതാവധിയും പണമാക്കി മാറ്റി കൈപ്പറ്റിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നം | ജീവനക്കാരന്റെ പേര് | തസ്തിക | കൈപ്പറ്റിയ തുക | വൌച്ചർ നം/ തീയതി |
|---|---|---|---|---|
| 1 | ശ്രീ.ജയരാജ് പി .എം | സെക്രട്ടറി | 61272 | 22/100183/ 10-6-21 |
| 2 | ശ്രീമതി.സിബി കൊന്താലം | അസി:സെക്രട്ടറി | 62715 | 22/100181/ 10-6-21 |
| 3 | ശ്രീമതി.പ്രീത ഒ സി | ഹെഡ് ക്ലർക്ക് | 57054 | ടി |
| 4 | ശ്രീമതി.ജിഷ മാത്യു | അക്കൗണ്ടന്റ് | 51837 | ടി |
| 5 | ശ്രീമതി.ബിന്ദു ആർ | സീനി.ക്ലർക്ക് | 49395 | ടി |
| 6 | ശ്രീ.സിജി കുമാർ വി കെ | സീനി.ക്ലർക്ക് | 39516 | ടി |
| 7 | ശ്രീ.എബി പി ജെയിംസ് | ക്ലർക്ക് | 42513 | ടി |
| 8 | ശ്രീമതി.സിനി തോമസ് | ക്ലർക്ക് | 38517 | ടി |
| 9 | ശ്രീ.സജീവ് പി ആർ | ക്ലർക്ക് | 36519 | ടി |
| 10 | മുഹമ്മദ് സാലിഹ് | ടെക്നിക്കൽ അസിസ്റ്റന്റ് | 15497/- | 22100926/ 12.3.2022 |
| 11 | ജിത .എം.എൻ | ഓവർസിയർ എം.ജി.എൻ. ആർ.ഇ.ജി.എസ് | 12020/- | 22100922/ 12.3.2022 |
| 12 | മിതു.എം.ജോയ് | ഡാറ്റാ എൻട്രി ഓപ്പറേറ്റർ, എം.ജി.എൻ. ആർ.ഇ.ജി.എസ് | 12020/- | 22100923/ 12.3.2022 |

മേൽ പറഞ്ഞ പ്രകാരം സർക്കാർ ഉത്തരവിനു വിരുദ്ധമായി ആർജിതാവധി പണമാക്കി മാറ്റി 478875/-രൂപ ജീവനക്കാർ കൈപ്പറ്റിയിട്ടുണ്ട്. 2021-22 ലെ ആർജിതാവധി പണമാക്കി മാറ്റിയത് സർക്കാർ ഉത്തരവില്ലാതെയാണെന്ന് കാണുന്നു. സർക്കാർ ഉത്തരവിന് വിരുദ്ധമായി തുക കൈപ്പറ്റിയതിന് വിശദീകരണം നൽകുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.23/30.8.2022, 30/31.8.2022) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മറുപടിയിൽ 2021ജൂൺ മുതൽ ആർജിതാവധി സറണ്ടർ ആനുകൂല്യം അനുവദനീയമാണ് എന്നും തുക മാറിയ സംഗതിയിൽ എന്ത് ചെയ്യണം എന്ന് മേൽ ഉത്തരവുകൾ പ്രകാരം വ്യക്തമാക്കിയിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്. ക്രമ നം11, 12 ലെ ജീവനക്കാരുടെ വേതനവും ലീവ് സറണ്ടർ ആനുകൂല്യവും കേന്ദ്രസർക്കാരിൽ നിന്നുള്ള അഡ്മിൻ ഫണ്ടിൽനിന്നുമായതിനാൽ നൽകിയെന്നും ആയതിനെ സാധൂകരിച്ചുകൊണ്ട് പത്തനംതിട്ട ജോയിന്റ് പ്രോഗ്രാം കോ ഓർഡിനേറ്ററുടെ കത്ത് സമൂഹമാധ്യമങ്ങളിലൂടെ ലഭിച്ചിട്ടുള്ളതാണെന്നും അറിയിച്ചിട്ടുണ്ട്. ക്ര നം. 10 ലെ വ്യക്തി ഒരു വർഷക്കാലയളവിലേക്ക് കരാർ ഒപ്പിട്ട് ജോലിയിൽ പ്രവേശിച്ച ജീവനക്കാരനായതിനാൽ ലീവ് സറണ്ടർ ആനുകൂല്യം നൽകിയെന്നും അറിയിച്ചിട്ടുണ്ട്. ആർജിതാവധി സറണ്ടർ ആനുകൂല്യം അനുവദനീയമാണ് എന്ന് മേൽ സർക്കാർ ഉത്തരവുകളിൽ പരാമർശിക്കുന്നില്ല. സർക്കാർ ഉത്തരവുകളെ മറികടന്ന് മാറ്റിവെക്കപ്പെട്ട ലീവ് സറണ്ടർ ആനുകൂല്യം അനുവദിച്ചത് ശരിയായ നടപടിയല്ല. ആയതിനാൽ സർക്കാർ ഉത്തരവിനു വിരുദ്ധമായി ആർജിതാവധി സറണ്ടർ ആനുകൂല്യം അനുവദിച്ചതു പ്രകാരം 478875/- രൂപ കൈപ്പറ്റിയതിന് സർക്കാരിൽ നിന്നുള്ള സാധൂകരണം വാങ്ങി രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

## 1-17 സാമൂഹ്യസുരക്ഷാപെൻഷൻ- അപാകതകൾ

2021-22 ലെ ഗ്രാമപഞ്ചായത്തിലെ മരണ റിപ്പോർട്ടുകൾ ആസ്പദമാക്കി സാമൂഹ്യസുരക്ഷാപെൻഷൻ വിതരണം പരിശോധിച്ചതിൽ, ഗുണഭോക്താക്കളുടെ മരണത്തെ തുടർന്ന് പെൻഷൻ വിതരണം അവസാനിപ്പിക്കുന്നത് സംബന്ധിച്ച് അപാകതകൾ കാണുന്നു. മരണാനന്തരവും പെൻഷനറുടെ അക്കൗണ്ടിലേക്ക് തുക കൈമാറുന്നതുപോലെയുള്ള അപാകതകൾ സംഭവിച്ചിട്ടുണ്ട്. പരിശോധനയിൽ കണ്ട ഏതാനും അപാകതകൾ താഴെ ചേർക്കുന്നു.

| ക്രമ നം | പെൻഷനറുടെ പേര് | പെൻഷൻ തരം | മരണം നടന്ന തീയതി (ഡെത്ത് രജിസ്റ്റർ പ്രകാരം) | പെൻഷൻ വിതരണം | റിമാർക്സ് |
|---|---|---|---|---|---|
| 1 | മാർട്ടിൻ ജോസഫ് | ഇന്ദിരാഗാന്ധി ദേശീയ ഡിസ്സബിലിറ്റി പെൻഷൻസ്കീം | 24.7.21 | 8/21മുതൽ 11/21വരെ 1600/- രൂപ വീതം അക്കൗണ്ടിൽ നിക്ഷേപിച്ചു. | അക്കൌണ്ട് സസ്പെന്റ് ചെയ്തിട്ടുണ്ട് |
| 2 | മത്തായി മത്തായി | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 10.10.20 | 11/20 മുതൽ 3/21വരെ -1500/- 4/21മുതൽ 8/21വരെ 1600/- രൂപ വീതം അക്കൗണ്ടിൽ നിക്ഷേപിച്ചു | അക്കൌണ്ട് സസ്പെന്റ് ചെയ്തിട്ടുണ്ട് |
| 3 | കാർത്തിക പരമേശ്വരൻ | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 11.4.20 | 5/20 മുതൽ 8/20 വരെ -1300/- 9/20 മുതൽ 12/20 വരെ-1400/- 1/21 മുതൽ 3/21വരെ -1500/- 4/21മുതൽ 10/21വരെ -1600/- രൂപ വീതം അക്കൗണ്ടിൽ നിക്ഷേപിച്ചു | അക്കൌണ്ട് സസ്പെന്റ് ചെയ്തിട്ടുണ്ട് |
| 4 | ജോസഫീന ജോസഫ് | 50 വയസ്സ് കഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ | 26.4.21 | 5/21മുതൽ 11/21വരെ 1600/- രൂപ വീതം അക്കൗണ്ടിൽ നിക്ഷേപിച്ചു | അക്കൌണ്ട് സസ്പെന്റ് ചെയ്തിട്ടുണ്ട് |
| 5 | ചെല്ലമ്മാൾ | കർഷക ത്തൊഴിലാളി പെൻഷൻ | 24.6.21 | 7/21,8/21 മാസങ്ങളിൽ 1600/- രൂപ വീതം അക്കൗണ്ടിൽ നിക്ഷേപിച്ചു | അക്കൌണ്ട് സസ്പെന്റ് ചെയ്തിട്ടുണ്ട് |
| 6 | സെയ്ത് മുഹമ്മദ് | ഇന്ദിരാഗാന്ധി ദേശീയ ഡിസ്സബിലിറ്റി പെൻഷൻസ്കീം | 31.12.2020 | 1/21 മുതൽ 3/21 വരെ -1500/- 4/21മുത് 8/22 വരെ 1600/- (5/21-വരെ തുക അക്കൌണ്ടിൽ നിക്ഷേപിച്ചു. 6/21-6/22 വരെ തുക അക്കൗണ്ടിൽ | അക്കൗണ്ട് ആക്ടീവായി തുടരുന്നു |

| | | | | | |
|---|---|---|---|---|---|
| | | | | നിക്ഷേപിക്കാൻ സാധിച്ചിട്ടില്ല. 7/22, 8/22-തുക ബാങ്കിന് കൈമാറി) | |
| 7 | പി.വി കുഞ്ഞപ്പൻ | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 1.3.21 | 4/21 മുതൽ 6/21 വരെ 1600/-രൂപ വീതം അക്കൗണ്ടിൽ നിക്ഷേപിച്ചു | അക്കൌണ്ട് സസ്പെന്റ് ചെയ്തിട്ടുണ്ട് |
| 8 | ജോസഫ് മത്തായി | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 24.5.21 | 6/21മുതൽ 6/22 വരെ തുക അക്കൌണ്ടിൽ നിക്ഷേപിക്കാൻ സാധിച്ചിട്ടില്ല. 7/22, 8/22-തുക ബാങ്കിന് കൈമാറി) | അക്കൗണ്ട് ആക്ടീവായി തുടരുന്നു |
| 9 | പ്രസന്ന തങ്കപ്പൻ | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം | 6.1.18 | 4/18 മുതൽ 3/19 വരെ 1400/-രൂപ വീതം അക്കൗണ്ടിൽ നിക്ഷേപിച്ചു. 4/19 മുതൽ 7/19 വരെ 1200/-രൂപ വീതം അക്കൗണ്ടിൽ നിക്ഷേപിച്ചു. 8/19, 9/19 -1200/-തടഞ്ഞ് വച്ചിരിക്കുന്നു | അക്കൌണ്ട് സസ്പെന്റ് ചെയ്തിട്ടുണ്ട് |
| 10 | ശ്രീ പത്മനാഭൻ | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 24.12.20 | 1/21മുതൽ 3/21വരെ 1500/- 4/21മുതൽ 8/21വരെ 1600/- രൂപ വീതം അക്കൗണ്ടിൽ നിക്ഷേപിച്ചു | അക്കൌണ്ട് സസ്പെന്റ് ചെയ്തിട്ടുണ്ട് |
| 11 | നബീസ അലിയാർ | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം | 10.12.20 | 1/21 മുതൽ 3/21-1500/- 4/21 മുതൽ 6/21 – 1600/- രൂപ വീതം അക്കൗണ്ടിൽ നിക്ഷേപിച്ചു | അക്കൌണ്ട് സസ്പെന്റ് ചെയ്തിട്ടുണ്ട് |
| 12 | പാറുക്കുട്ടി | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 17.5.21 | 6/21 മുതൽ 8/21-1600/-രൂപ വീതം അക്കൗണ്ടിൽ നിക്ഷേപിച്ചു | അക്കൌണ്ട് സസ്പെന്റ് ചെയ്തിട്ടുണ്ട് |

മേൽ പെൻഷൻ ഗുണഭോക്താക്കളുടെ മരണശേഷം അധികമായി കൈപ്പറ്റിയ തുക തിരികെ ഈടാക്കി സർക്കാരിലേക്ക് തിരിച്ചടക്കാത്തതിനും പെൻഷണറുടെ മരണശേഷം ആക്ടീവ് ആയി തുടരുന്ന അക്കൌണ്ടുകൾ സസ്പെൻഡ് ചെയ്ത് തുക തിരികെ ഈടാക്കാത്തതിനും വിശദീകരണം നൽകുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.25/30.8.2022) മറുപടി ലഭ്യമായിട്ടില്ല.

ഓരോ മരണ രജിസ്ട്രേഷന്റെ അപേക്ഷകളും അംഗീകരിക്കുന്നതിന് ശേഷം മരണപ്പെട്ട ആൾ ക്ഷേമപെൻഷണർ ആണോ എന്ന് പരിശോധിക്കേണ്ടതും പെൻഷണർ ആണെങ്കിൽ ഉടനെ തന്നെ പെൻഷൻ സസ്പെൻഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ധനകാര്യ വകുപ്പിന്റെ സർക്കുലർ നമ്പർ എസ്.എഫ്.സി -ബി2 /53/2017 /ധന. തീയതി 22.1.2018 പ്രകാരം മറ്റേതെങ്കിലും പ്രാദേശിക സർക്കാരിന്റെ പരിധിയിൽ മരണം/പുനർ വിവാഹം നടന്നാൽ/സംഭവിച്ചാൽ/റിപ്പോർട്ട് ചെയ്താൽ പ്രസ്തുത പ്രാദേശിക സർക്കാർ സെക്രട്ടറി ഗുണഭോക്താവിന്റെ സ്വന്തം പ്രാദേശിക സർക്കാരിലേക്ക് ഇത് സംബന്ധിച്ച് അറിയിപ്പ് നിർബന്ധമായും നൽകേണ്ടതാണ്. ഒരു ഗുണഭോക്താവ് മരണപ്പെട്ട് / പുനർവിവാഹം ചെയ്ത വിവരം ആ ഗുണഭോക്താവിന്റെ സ്വന്തം പ്രാദേശിക സർക്കാരിൽ റിപ്പോർട്ട് ചെയ്ത ശേഷവും സാമൂഹ്യസുരക്ഷാപെൻഷൻ റദ്ദാക്കാതെ തുടർന്നും അനുവദിക്കുകയാണെങ്കിൽ അത് പ്രസ്തുത പ്രാദേശിക സർക്കാർ സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയായിരിക്കുന്നതാണ്.

സാമൂഹ്യസുരക്ഷാപെൻഷനുള്ള അർഹതാ മാനദണ്ഡങ്ങൾ/നിർദേശങ്ങൾ ഭേദഗതി ചെയ്തുകൊണ്ടുള്ള 23-9-2020 ലെ സ.ഉ(എം.എസ്)നം 97/2020/ധന ഉത്തരവ് പ്രകാരം മരണപ്പെട്ടവരുടെ വിവരങ്ങൾ ശേഖരിച്ച് അതത് മാസം പെൻഷൻ ഡാറ്റാ ബേസിൽ നിന്ന് നീക്കം ചെയ്യുന്നതിനും ഗുണഭോക്താവ് മരണപ്പെട്ടതിന് ശേഷം അനന്തരാവകാശികൾ കൈപ്പറ്റിയിട്ടുള്ള തുകകൾ അനന്തരാവകാശികളിൽ നിന്ന് തിരിച്ച് പിടിച്ച് മുതൽ കൂട്ടുവാനും ഗ്രാമസഭാ സെക്രട്ടറിമാർ ബാധ്യസ്ഥരാണ്.

മറ്റ് പ്രാദേശിക സർക്കാരിന്റെ പരിധിയിൽ വരുന്ന പെൻഷണറുടെ മരണം ഗ്രാമപഞ്ചായത്തിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളത് ഗ്രാമസഭാ സെക്രട്ടറി ഗുണഭോക്താവിന്റെ സ്വന്തം പ്രാദേശിക സർക്കാരിലേക്ക് ഇത് സംബന്ധിച്ച് അറിയിപ്പ് നിർബന്ധമായും നൽകി ഗ്രാമപഞ്ചായത്തിലെ മരണപ്പെട്ട മുഴുവൻ പെൻഷൻഗുണഭോക്താക്കളുടെയും ആക്ടീവായ അക്കൗണ്ടുകൾ സസ്പെന്റ് ചെയ്യേണ്ടതും അനർഹമായി കൈപ്പറ്റിയിട്ടുള്ള തുകകൾ തിരിച്ച് പിടിച്ച് സർക്കാരിലേക്ക് അടക്കുന്നതിനുമുള്ള തുടർ നടപടികൾ

നിർബന്ധമായും സ്വീകരിക്കേണ്ടതുമാണ്.

ഗ്രാമപഞ്ചായത്തിലെ മരണ രജിസ്ട്രേഷൻ സെക്ഷൻ സാമൂഹ്യസുരക്ഷാപെൻഷൻ സെക്ഷനിലേക്ക് റിപ്പോർട്ട് നൽകി തുടർ നടപടികൾ സ്വീകരിച്ച് പരാമർശത്തിലെ ഗുണഭോക്താക്കൾ അനർഹമായി കൈപ്പറ്റിയിട്ടുള്ള തുകകൾ തിരിച്ച് പിടിച്ച് സർക്കാരിലേക്ക് അടവാക്കി രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

### 1-18 ഗ്രാമ സഭ-ചെലവുരേഖകൾ പരിശോധനക്കായി ലഭ്യമായിട്ടില്ല

2021-22 ലെ വൗച്ചർ പരിശോധിച്ചതിൽ നിന്നും ഗ്രാമപഞ്ചായത്തിലെ 14 വാർഡുകളിൽ ഗ്രാമ സഭ നടത്തിയ വകയിൽ ഓരോ വാർഡ് മെമ്പറിനും 1500/- രൂപ വീതം ആകെ 21000/- രൂപ തനതു ഫണ്ടിൽ നിന്നും വൗച്ചർ നം.22100931 തീയതി 15.3.2022 പ്രകാരം നൽകിയിട്ടുണ്ട്. എന്നാൽ ആയതിനെ സാധൂകരിക്കുന്ന ചെലവുരേഖകൾ പരിശോധനക്കായി ലഭ്യമായിട്ടില്ല. ചെലവ് രേഖകൾ പരിശോധനക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.31/31.8.2022) മറുപടി ലഭ്യമാക്കിയില്ല. ചെലവുരേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതുവരെ 21000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 1-19 സേവന ഫീസ് നടപടികൾ സ്വീകരിക്കണം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിന് ധനകാര്യ വകുപ്പിന്റെ 8.03.2019 ലെ സ ഉ ( അച്ചടി) നം 28/2019 ധന ഉത്തരവ് പ്രകാരം പഞ്ചായത്ത് നൽകുന്ന സേവനങ്ങൾക്ക് 5% നിരക്കിൽ അധിക ഫീസ് വാങ്ങാം. ഇപ്രകാരം അധിക നിരക്ക് വാങ്ങുന്നത് സംബന്ധിച്ച് പഞ്ചായത്ത് തീരുമാനമെടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് 25/08/2022 ൽ ഓഡിറ്റ് എൻക്വയറി നം 3 നൽകി. ആയതിന് 31.08.22 ൽ നൽകിയ SCI -573/22 നം മറുപടിയിൽ നിലവിൽ പഞ്ചായത്ത് കമ്മറ്റി തീരുമാനം എടുത്തിട്ടില്ല എന്നറിയിച്ചു.തനത് വരുമാന വർദ്ധനവിന് ഉതകുമെന്നതിനാൽ ഗ്രാമപഞ്ചായത്ത് കമ്മറ്റി ചർച്ച ചെയ്ത് യുക്തമായ തീരുമാനം കൈക്കൊള്ളേണ്ടതാണ്.

### 1-20 സാക്ഷരതാ പരിപാടി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.

ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ സാക്ഷരതാ പ്രൊജക്ടിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. പ്രൊജക്ടുകളുടെ വിശദ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നം. | 05/22 |
| പ്രൊജക്ടിന്റെ പേര് | സാക്ഷരതാ പരിപാടി |
| എസ്റ്റിമേറ്റ് തുക | വികസന ഫണ്ട് - 11750/-<br>തനത് ഫണ്ട് - 68250/-<br>ആകെ - 80000/ |
| ചെലവ്/<br>ബിൽ നം | 23700/-<br>121/6/10/2021,123/6/10/2021 |
| നിർവ്വഹണ ഏജൻസി | സാക്ഷരതാ മിഷൻ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് പരിശോധനക്ക് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 4/25/8/2022) 30.08.2022 ന് നൽകിയ SCI-1185/22 നം മറുപടിയിൽ സാക്ഷരതാ മിഷന് തുക നൽകിയതിന്റെ അടിസ്ഥാനത്തിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് 27/07/2022 ൽ എ 4-3739/22 നം കത്ത് നൽകിയിട്ടുള്ള വിവരം അറിയിച്ചു. വിനിയോഗ സാക്ഷ്യ പത്രം ലഭിക്കുന്ന മുറക്ക് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

### 1-21 പൈപ്പ് ലൈൻ എക്സ്റ്റൻഷൻ - തുടർ പരിശോധന നടത്തി വിവരം ലഭ്യമാക്കണം

ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പ്രൊജക്ടിന്റെ പൂർത്തീകരണത്തിൽ അപാകതകൾ സംഭവിച്ചിട്ടുള്ളതായി കാണുന്നു.പ്രൊജക്ടുകളുടെ വിശദ വിവരം താഴെ ചേർക്കുന്നു.

| | | |
|---|---|---|
| പ്രൊജക്ട് നം. | S148/22 | S155/22 |
| പ്രൊജക്ടിന്റെ പേര് | ഇടപ്പഴം കവല - ചേരിങ്കച്ചാൽ റോഡ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ വാർഡ് 7 | കാവക്കാട് - ചെറൂള്ളി റോഡ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ വാർഡ് 8 |
| എസ്റ്റിമേറ്റ് തുക | 250000/- | 250000/- |

| | | |
|---|---|---|
| ഫണ്ടിനം | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | |
| ചെലവ്/<br>ബിൽ നം | 250000/-<br>209/30/12/2021 | 250000/-<br>210/30/12/2021 |
| നിർവ്വഹണ ഏജൻസി | കേരള വാട്ടർ അതോറിറ്റി,<br>പി എച്ച് ഡിവിഷൻ, മൂവാറ്റുപുഴ | |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി | |

പ്രൊജക്ട് നിർവ്വഹണത്തിലെ താഴെ പറയുന്ന പോരായ്മകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 6/26.08.2022) 27.08.2022 ൽ SCI-1185/22 പ്രകാരം മറുപടി ലഭ്യമാക്കി. ആയത് കൂടി പരിഗണിച്ചാണ് പരാമർശം തയ്യാറാക്കിയിട്ടുള്ളത്.

1.പ്രൊജക്ട് നം S148/22 ന്റെ എസ്റ്റിമേറ്റ് ഇനം 1 (മെറ്റീരിയൽ കോസ്റ്റ്) ന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| Description | No | Length | Breadth | Quantity | Amount |
|---|---|---|---|---|---|
| Restoration Charges For Road Cutting, Thekkumpuram Road (Crossing) | 1 | 9 Meter | 1.5 Meter | 13.5 | 42917.04 |

എന്നാൽ പഞ്ചായത്തിലെ എഞ്ചിനീയറിംഗ് വിഭാഗവുമായി നടത്തിയ പ്രാഥമിക പരിശോധനയിൽ നീളം 5.5 മീറ്ററും വീതി 80 സെന്റിമീറ്ററും എന്നാണ് കാണാൻ കഴിഞ്ഞത്. ഇക്കാര്യം സംബന്ധിച്ച് പരിശോധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. മുഴുവൻ റോഡും ടാർ ചെയ്യുന്നതിനുള്ള നിരക്കാണ് പഞ്ചായത്ത് അനുവദിച്ചിട്ടുള്ളതെങ്കിലും കുറച്ച് ഭാഗത്ത് കോൺക്രീറ്റ് മാത്രമാണ് ചെയ്തിട്ടുള്ളത്. എസ്റ്റിമേറ്റിൽ രേഖപ്പെടുത്തിയിരിക്കുന്ന അളവിൽ റോഡ് കട്ടിംഗോ, റെസ്റ്റോറേഷനോ നടത്തിയിട്ടാല്ലത്തതായി കണ്ടു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കുള്ള മറുപടിയിൽ പ്രൊജക്ടിൽ അവശേഷിച്ച തുകയായ 85386/- രൂപ 24/08/22 ൽ തിരിച്ചടച്ചിട്ടുണ്ട് എന്ന് അറിയിച്ചു. എന്നാൽ ഇത് റോഡ് റെസ്റ്റോറേഷൻ ഇനത്തിലെ തുകയാണോ എന്ന് ഉറപ്പിക്കാൻ കഴിഞ്ഞില്ല.

2.പ്രൊജക്ട് നം S155/22 ന്റെ എസ്റ്റിമേറ്റ് ഇനം 1 (മെറ്റീരിയൽ കോസ്റ്റ്) ന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| Description | No | Length | Breadth | Quantity | Amount |
|---|---|---|---|---|---|
| Restoration Charges For Road Cutting, Thekkumpuram Road (Crossing) | 1 | 8 Meter | 1.5 Meter | 12 | 37257.48 |

എന്നാൽ പഞ്ചായത്തിലെ എഞ്ചിനീയറിംഗ് വിഭാഗവുമായി നടത്തിയ പ്രാഥമിക പരിശോധനയിൽ നീളം 6 മീറ്ററും വീതി 20 സെന്റിമീറ്ററും എന്നാണ് കാണാൻ കഴിഞ്ഞത്. മുഴുവൻ റോഡും ടാർ ചെയ്യുന്നതിനുള്ള നിരക്കാണ് പഞ്ചായത്ത് അനുവദിച്ചിട്ടുള്ളതെങ്കിലും കുറച്ച് ഭാഗത്ത് കോൺക്രീറ്റ് മാത്രമാണ് ചെയ്തിട്ടുള്ളത്. സാങ്കേതിക പരിശോധന ആവശ്യമാണെങ്കിൽ ആയത് നടത്തി റിപ്പോർട്ട് ലഭ്യമാക്കണമെന്നാവശ്യപ്പെട്ടെങ്കിലും ആയത് ലഭ്യമാക്കിയില്ല.

3. പ്രൊജക്ടുകൾ സംബന്ധിച്ച താഴെ പറയുന്ന വിവരങ്ങൾ ലഭ്യമാക്കണമെന്ന് ഓഡിറ്റ് എൻക്വയറിയിൽ ആവശ്യപ്പെട്ടു.

(A)രണ്ട് പ്രൊജക്ടുകളും മുഖാന്തിരം എത്ര ഗുണഭോക്താക്കൾക്കാണ് കുടിവെള്ള കണക്ഷൻ ലഭ്യമാക്കിയിട്ടുള്ളത് എന്നതിന്റെ വിവരം ആവശ്യപ്പെട്ടതിന് 20 കുടുംബങ്ങൾക്കായാണ് പ്രൊജക്ട് നടപ്പാക്കിയത് എന്ന് അറിയിച്ചു.

(B)കുടിവെള്ള കണക്ഷൻ ലഭിച്ചതിന്റെ രേഖകൾ ലഭ്യമാക്കണമെന്ന് എൻക്വയറിയിൽ ആവശ്യപ്പെട്ടു. ഇതിന് കുടിവെള്ള കണക്ഷൻ നൽകുന്നതിന് തുക വകയിരുത്തിയിട്ടില്ല എന്ന് അറിയിച്ചു.

(C) പ്രസ്തുത കുടിവെള്ള പദ്ധതി പ്രദേശത്തു കൂടെ ജലജീവൻ മിഷന്റെ പ്രൊജക്ട് നടപ്പാക്കുന്നതായാണ് പ്രാഥമിക പരിശോധനയിൽ വ്യക്തമായത്. പ്രസ്തുത പ്രദേശത്ത് തന്നെ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ നടത്തിയതിന്റെ കാരണം വ്യക്തമാക്കണമെന്നാവശ്യപ്പെട്ടതിന് കുടിവെള്ള ക്ഷാമം രൂക്ഷമായതിനാലാണ് 2021-22 ൽ പ്രൊജക്ട് നടപ്പാക്കിയത് എന്ന് മറുപടി ലഭ്യമാക്കി.

കുടിവെള്ള കണക്ഷൻ നൽകിയതിന്റെ വിവരം ലഭ്യമല്ലാത്തതിനാൽ പ്രൊജക്ടിന്റെ ഉദ്ദേശ്യ ലക്ഷ്യം പൂർണ്ണമായോ എന്ന് ഓഡിറ്റിൽ പരിശോധിക്കാൻ സാധിച്ചില്ല.

4.പൈപ്പ് ലൈൻ സ്ഥാപിച്ച റോഡിന്റെ വശം പൊട്ടിപ്പൊളിഞ്ഞും ചിലയിടങ്ങളിൽ അപകടകരമായ

രീതിയിലുമാണ് ഉള്ളത്. കുറച്ച് ഭാഗം വരുന്ന പി ഡബ്ല്യു റോഡിൽ മാത്രമാണ് വാട്ടർ അതോറിറ്റി റോഡ് റെസ്റ്റോറേഷൻ നടത്തിയിട്ടുള്ളത് പഞ്ചായത്ത് റോഡ് ഒട്ടും തന്നെ റിസ്റ്റോറേഷൻ നടത്തിയിട്ടില്ല. റോഡ് റിസ്റ്റോറേഷൻ നടത്താത്തതിന്റേയും റോഡ് പൂർണ്ണമായും ഗതാഗത യോഗ്യമാക്കാത്തതിന്റേയും കാരണം വ്യക്തമാക്കണമെന്ന് ഓഡിറ്റ് എൻക്വയറിയിൽ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ജല ജീവൻ മിഷൻ പ്രൊജക്ടിന്റെ ഭാഗമായാണ് റോഡ് കട്ടിംഗ് നടത്തിയിട്ടുള്ളത് എന്നറിയിച്ചു.

ഓഡിറ്റ് നിർദ്ദേശം

എസ്റ്റിമേറ്റിലെ റോഡ് റിസ്റ്റോറേഷനും നിലവിലെ സ്ഥിതിയും സംബന്ധിച്ച് പരിശോധന നടത്തേണ്ടതാണ്. റോഡിന്റെ സ്ഥിതി മെച്ചപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-22 ലൈഫ് മിഷൻ തുടർനടപടി സ്വീകരിക്കണം

ഗ്രാമ പഞ്ചായത്ത് 2021-22 ൽ നടപ്പാക്കിയ ലൈഫ് ഭവന പദ്ധതി (ജനറൽ )യുടെ രണ്ട് ഗുണഭോക്താക്കൾ ആദ്യ ഗഡു തുകകൾ വാങ്ങിയതിന് ശേഷം തുടർ ആനുകൂല്യം കൈപ്പറ്റിയിട്ടില്ലാത്തതായി കാണുന്നു. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവ് | അക്കൗണ്ട് നം | തുക |
|---|---|---|---|
| 1 | ശാന്ത രവി, കുമ്മുണ്ണിപ്പറമ്പിൽ, വാർഡ് 7 | അക്കൗണ്ട് നം. 3114010009342, ബാങ്ക് ഓഫ് ബറോഡ | 100000 |
| 2 | മേരി ഡൊമിനിക്ക്, ചെരമേൽ,പുന്നമറ്റം, വാർഡ് 1 | അക്കൗണ്ട് നം. 314140100009342, ബാങ്ക് ഓഫ് ബറോഡ | 40000 |
| ആകെ | | | 140000 |

ഗുണഭോക്താക്കൾ ആദ്യഘട്ട തുകകൾ വാങ്ങിയതിന് ശേഷം തുക വാങ്ങാത്തതിന്റെ കാരണവും ഭവന നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥയും അറിയിക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം 18/29.08.2022) 31.08.2022 ൽ മറുപടി ലഭ്യമാക്കി. ആയതിൽ ഭവന നിർമ്മാണ പുരോഗതി വിലയിരുത്തി ഫണ്ട് അനുവദിക്കുന്നതാണെന്ന് അറിയിച്ചു. ഭവന നിർമ്മാണം പൂർത്തികരിക്കുന്നതിന് ഫണ്ട് നൽകുന്നതിനോ പൂർത്തീകരിക്കുന്നില്ലയെങ്കിൽ തുക തിരികെ ഈടാക്കുന്നതിനോ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-23 സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പ്രകാരമല്ലാതെ സാന്ത്വന പ്രവർത്തനം നടത്തുന്നു.

1)PMC, PIC രൂപീകരിച്ചിട്ടില്ല. രണ്ട് മാസത്തിലൊരിക്കലോ, ഇടവേളകളിൽ ആവശ്യാനുസരണമോ യോഗം ചേർന്ന് സാന്ത്വന പരിചരണ പ്രവർത്തനങ്ങൾ വിലയിരുത്തുകയോ വരവ് ചെലവ് അംഗീകരിക്കുകയോ ചെയ്തിട്ടില്ല.

2)സാന്ത്വന പ്രവർത്തനം അനുബന്ധം 9 മാതൃകയിൽ പ്രതിമാസ റിപ്പോർട്ട് - വരവ് ചെലവ് കണക്കുകൾ മെമ്പർ സെക്രട്ടറി അവതരിപ്പിച്ചിട്ടില്ല.

3) NominaL രജിസ്റ്ററിൽ ഉൾപ്പെടുത്തുന്ന രോഗികളെ PMC അംഗീകരിച്ചിട്ടില്ല.

4) തുടർ പരിചരണം ആവശ്യമായ രോഗികളുടെ വിവരം കൃത്യമായി രേഖപ്പെടുത്തുന്ന Follow Up രജിസ്റ്ററിലേയും - Home Care രജിസ്റ്ററിലേയും തീയതികൾ വ്യത്യാസപ്പെട്ടിരിക്കുന്നു.

5) മാസത്തിൽ കുറഞ്ഞത് 16 ദിവസമെങ്കിലും Home Care നടത്തണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല. ഒരു ദിവസം 8 രോഗികളെ സന്ദർശിച്ച് പരിചരണം നൽകിയിട്ടില്ല.

6) വാഹന ഉപയോഗവുമായി ബന്ധപ്പെട്ട രേഖപ്പെടുത്തൽ Home Care രജിസ്റ്ററിൽ എഴുതിയിട്ടില്ല.

7) ഓരോ ദിവസത്തേയും Home Care റിപ്പോർട്ട് പാലിയേറ്റീവ് കെയർ നഴ്സ് തയ്യാറാക്കി മെഡിക്കൽ ഓഫീസർക്ക് അടുത്ത ദിവസം സമർപ്പിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

8) മരണപ്പെട്ട രോഗികളുടേയും, സ്ഥലം മാറി പോയവരുടേയും വിവരങ്ങൾ കൃത്യമായ തിയതി ഉൾപ്പെടെ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.

സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പ്രകാരമല്ലാതെ നടത്തുന്ന പ്രവർത്തനങ്ങൾ ഒഴിവാക്കേണ്ടതാണ്.

## 1-24 തൊഴിലുറപ്പ് പദ്ധതി - നിർവ്വഹണത്തിലെ അപാകതകൾ

1. തൊഴിലുറപ്പ് പദ്ധതി തൊഴിൽ കാർഡ് വിതരണത്തിലെ അപാകത.

ഗ്രാമ പഞ്ചായത്തിലെ തൊഴിലുറപ്പ് പദ്ധതിയുടെ ഫയൽ, ഇതര അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ തൊഴിലുറപ്പ് പദ്ധതിയുടെ തൊഴിൽ കാർഡ് വിതരണത്തിൽ അപാകതകൾ സംഭവിച്ചതായി കണ്ടു. കൂടാതെ ഗ്രാമപഞ്ചായത്തിലെ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട്

തൊഴിലുറപ്പ് പദ്ധതി ഓംബുഡ്സ്മാൻ നടപടികൾ സ്വീകരിച്ചിട്ടുള്ളതായി ഫയലിൽ കണ്ടു.ഇക്കാര്യങ്ങൾ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം 24/30.08.2022) നൽകി. ആയതിന് 31/08/2022 ന് ഗ്രാമ പഞ്ചായത്ത് SCI-573/2022 പ്രകാരം മറുപടി ലഭ്യമാക്കി. ആയത് കൂടി പരിഗണിച്ചാണ് ഓഡിറ്റ് പരാമർശം തയ്യാറാക്കിയിട്ടുള്ളത്.

1.ഓംബുഡ്സ്മാന്റെ 14/06/22 ലെ OMB.0021/2021/MGNREGS നം കത്ത് പ്രകാരം ഓംബുഡ്സ്മാന് ലഭിച്ച പരാതി പ്രകാരം 8 വ്യക്തികൾ ഒരേ ദിവസം പഞ്ചായത്ത് മെമ്പറിന് അനവദനീയമായ പ്രതിഫലവും മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിൽ എടുത്ത വേതനവും കൈപ്പറ്റിയതായും ഓംബുഡ്സ്മാനുമായി ബന്ധപ്പെട്ട രേഖകളിൽ കണ്ടു.ഇക്കാര്യം സംബന്ധിച്ച് പഞ്ചായത്ത് പരിശോധിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടതിന് 7 പഞ്ചായത്ത് മെമ്പർമാർ അധികമായി കൈപ്പറ്റിയ വേതനം തിരികെ നൽകിയതായും ഒരു മെമ്പർ തൊഴിലുറപ്പിൽ പ്രസ്തുത കാലയളവിൽ തൊഴിൽ എടുത്തിട്ടില്ലാത്തതായും അറിയിച്ചു.

2.തൊഴിൽ കാർഡിൽ തന്റേതല്ലാത്ത ഫോട്ടോ പതിച്ചു. സാങ്കേതിക പിഴവ് സംഭവിച്ചതാണെന്നും ശരിയായ ഫോട്ടോ പതിച്ച് അപാകത പരിഹരിച്ചിട്ടുള്ളതായി അറിയിച്ചു.

നിലവിൽ ഇക്കാര്യങ്ങൾ സംബന്ധിച്ച് ഓംബുഡ്സ്മാൻ ഹിയറിംഗ് നടത്തിയിട്ടുള്ളതാണെന്ന് അറിയിച്ചു.

മേൽ കാര്യങ്ങളിൽ ഭാവിയിൽ സൂക്ഷ്മത പുലർത്തേണ്ടതാണ്.

2. കോൺക്രീറ്റ് ചെയ്തതിലെ പോരായ്മ/പ്രൊജക്ട് നിർവ്വഹണത്തിന്റെ പൂർണ്ണതയില്ലായ്മ

ഗ്രാമ പഞ്ചായത്തിലെ തൊഴിലുറപ്പ് പദ്ധതിയുടെ താഴെ പറയുന്ന പ്രൊജക്ടുകളിൽ അപാകതകൾ സംഭവിച്ചിട്ടുണ്ട്. ന്യൂനതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം 32/01/09/2022) 01/09/2022 ൽ SCI-573/2022 പ്രകാരം പഞ്ചായത്ത് മറുപടി ലഭ്യമാക്കി. ആയത് കൂടി പരിഗണിച്ചാണ് ഓഡിറ്റ് പരാമർശം തയ്യാറാക്കിയിട്ടുള്ളത്.

A) കോൺക്രീറ്റ് ചെയ്തതിലെ അപാകത

| | |
|---|---|
| പ്രൊജക്ടിന്റെ പേര് | കളപ്പുരക്കുന്ന് റോഡ് ടൈൽ വിരിക്കൽ ( വാർഡ് 3 ) |
| വർക്ക് കോഡ് | 1608007003/RC/336598 |
| എസ്റ്റിമേറ്റ് തുക | 394131 |
| ചെലവ് | 368194 |
| വെണ്ടറുടെ പേര് | മുഹമ്മദ് ആഷിഖ് |
| എം ബുക്ക് നം | 151/21-22 |
| തുക നൽകിയതിന്റെ വിവരം | 14.7.2022 |

പ്രൊജക്ട് പരിശോധനയുടെ ഭാഗമായി 31.08.2022 ന് സ്ഥലപരിശോധന നടത്തി. തൊഴിലുറപ്പ് പദ്ധതിയുടെ ജീവനക്കാരും ഓഡിറ്റ് വകുപ്പും സംയുക്തമായി നടത്തിയ പരിശോധനയിൽ കണ്ട കാര്യങ്ങൾ താഴെ ചേർക്കുന്നു.

A)റോഡിന്റെ വീതിയായി എം ബുക്ക് പേജ് നം 6, 7 എന്നിവയിൽ രേഖപ്പെടുത്തിയിരിക്കുന്നത് 3.30 മീറ്ററാണ് ( 3 മീറ്റർ ഇന്റർലോക്കിംഗ് ടൈൽ+30 സെന്റിമീറ്റർ കോൺക്രീറ്റിംഗ് ). എന്നാൽ സ്ഥലപരിശോധനയിൽ ചില ഭാഗങ്ങളിൽ ആകെ വീതിയായി കണ്ടത് 3 മീറ്റർ ആണ്.

B)റോഡിന്റെ നീളം 100 മീറ്റർ ആണ്. പ്രസ്തുത നീളം ഇരു വശവും 15 സെന്റിമീറ്റർ വീതിയിൽ കോൺക്രീറ്റിംഗ് ചെയ്തതായി എം ബുക്ക് പേജ് നം 7 ൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ചില ഭാഗങ്ങളിൽ കോൺക്രീറ്റിംഗ് ചെയ്തതായി കണ്ടില്ല.

സ്ഥലപരിശോധനയിൽ കണ്ട മേൽ കാര്യങ്ങൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടതിന് ചില ഭാഗങ്ങളിൽ റോഡിന് വീതി 3 മീറ്ററാണെങ്കിലും ചില ഭാഗങ്ങളിൽ 3.30 മീറ്ററിലധികം വീതി വരുന്നുണ്ടെന്ന് അറിയിച്ചു. എം ബുക്ക് രേഖപ്പെടുത്തലിൽ യൂണിഫോം രീതിയിലാണ് വീതി രേഖപ്പെടുത്തിയിട്ടുള്ളത്. രേഖപ്പെടുത്തലിൽ കൃത്യത ഉറപ്പ് വരുത്തേണ്ടതാണ്.

B)പ്രൊജക്ട് നിർവ്വഹണം പൂർണ്ണമല്ല.

| | |
|---|---|
| പ്രൊജക്ടിന്റെ പേര് | ഫലവൃക്ഷ തൈ അടക്കമുള്ള മരം വെച്ചു പിടിപ്പിക്കുന്നതിന് നഴ്സറി നിർമ്മാണം (വാർഡ് 3) |
| വർക്ക് കോഡ് | 1608007003/DP/323759 |
| എം ബുക്ക് നം | 151/21-22 |

| | |
|---|---|
| എസ്റ്റിമേറ്റ് | 149500 |
| ചെലവ് | 54013 |
| തുക നൽകിയ തീയതി | 14.05.2021 |

ഈ പ്രൊജക്ടിന്റെ ഭാഗമായി വൃക്ഷതൈകൾ ബാഗുകളിൽ നടുകയും സംരക്ഷിക്കുകയും വിതരണം ചെയ്യുകയും വേണം. എന്നാൽ സ്ഥല പരിശോധന നടത്തിയപ്പോൾ ധാരാളം ചെടികൾ ബാഗുകളിൽ വിതരണം ചെയ്യാതെ അവശേഷിക്കുന്നതായും നശിച്ച നിലയിലും കണ്ടു. കാട് പിടിച്ച് കിടക്കുന്നതിനാൽ കൃത്യമായ എണ്ണം കണക്കാക്കാൻ കഴിഞ്ഞില്ല. താഴെ പറയുന്ന വിവരങ്ങൾ/രേഖകൾ ഓഡിറ്റിന് ലഭ്യമാക്കണമെന്ന് ഓഡിറ്റ് എൻക്വയറിയിൽ ആവശ്യപ്പെട്ടു.

A) ആകെ തയ്യാറാക്കിയ ചെടികളുടെ വിവരം

B) വിതരണം ചെയ്ത ചെടികളുടെ വിവരം

എന്നാൽ തയ്യാറാക്കിയ ചെടികളുടെ വിവരം ലഭ്യമാക്കിയില്ല. 250 ചെടികൾ വിതരണം ചെയ്തതായി അറിയിച്ചു.കൂടാതെ അവശേഷിക്കുന്ന ചെടികൾ പഞ്ചായത്ത് റോഡിന്റെ വശങ്ങളിലും പൊതു സ്ഥലങ്ങളിലും നട്ട് പിടിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു.തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കലിലെ അപാകത

ദേശീയ ഗ്രാമ വികസന മന്ത്രാലയത്തിന്റെ 7.4.2017 ലെ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കൽ നിർദ്ദേശങ്ങൾ പ്രകാരം 2017-18 മുതലുള്ള എല്ലാ പ്രവൃത്തികളിലും സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കൽ നിർബന്ധമാക്കിയിട്ടുണ്ട്.ഗ്രാമ വികസന മന്ത്രാലയം പുറത്തിറക്കിയ ആനുവൽ മാനുവൽ സർക്കുലറുകളിലും ഇത് സംബന്ധിച്ച നിർദ്ദേശം നൽകിയിട്ടുണ്ട്. ഭിത്തി ലഭ്യമായ പ്രവൃത്തികളിൽ പെയിന്റ് ചെയ്തും അല്ലാത്തവയിൽ ഫലകത്തിന്റെ രൂപത്തിലും ബോർഡ് സ്ഥാപിക്കാം. വ്യക്തിഗത പ്രൊജക്ടുകൾക്ക് പരമാവധി 3000 രൂപയും കമ്മ്യൂണിറ്റി പ്രൊജക്ടുകൾക്ക് പരമാവധി 5000 രൂപയും ബോർഡ് സ്ഥാപിക്കുന്നതിന് ചെലവഴിക്കാം.

ഗ്രാമ പഞ്ചായത്തിലെ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കലിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചതായി കണ്ടതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് എൻക്വയറി (നം 11/27.08.2022) നൽകി. ആയതിന് 27/08/2022 ൽ SCI-573/2022 പ്രകാരം മറുപടി ലഭ്യമാക്കി. ആയത് കൂടി പരിഗണിച്ചാണ് ഓഡിറ്റ് പരാമർശം തയ്യാറാക്കിയിട്ടുള്ളത്.

A)സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കലിന് 7/4/2021 ലെ A4-91/2021 നം ക്വട്ടേഷൻ നോട്ടീസിന്റെ അടിസ്ഥാനത്തിലാണ് വിതരണക്കാരനെ തിരഞ്ഞെടുത്തിട്ടുള്ളത്. ടെണ്ടർ/ഓപ്പൺ ടെണ്ടർ നടത്തേണ്ടത് ആയിരുന്നെങ്കിലും അപ്രകാരം ചെയ്തിട്ടില്ല. മത്സരാധിഷ്ഠിത ടെണ്ടറുകൾ ലഭിച്ച ഇതര പഞ്ചായത്തുകളിൽ കുറഞ്ഞ നിരക്കിൽ ബോർഡുകൾ വിതരണം ചെയ്യുകയും സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. മുൻവർഷങ്ങളിലും സമീപപഞ്ചായത്തുകളിലും ക്വട്ടേഷൻ നടപടിയിലൂടെ വാങ്ങിയിട്ടുള്ളതിനാലാണ് അപ്രകാരം ചെയ്തതെന്ന് മറുപടി ലഭ്യമാക്കി. ഭാവിയിൽ ടെണ്ടർ നടപടി ആവശ്യമുള്ള ഇനങ്ങളിൽ ടെണ്ടർ നടപടി സ്വീകരിക്കേണ്ടതാണ്.

2.ഫെറോ സ്ലാബിലുള്ള ബോർഡിന് ലഭിച്ച ടെണ്ടറുകളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | ടെണ്ടർ സമർപ്പിച്ചയാളുടെ പേര് | രേഖപ്പെടുത്തിയ നിരക്ക് | |
|---|---|---|---|
| | | 4 F X 3 F | 3 F X 2 F |
| 1 | എൽദോസ് സി മത്തായ്, ചുല്ലപ്പള്ളിയിൽ | 5200 | 3000 |
| 2 | ബിനു കെ തോമസ്,കട്ടക്കയം | 4800 | 2900 |
| 3 | മുജിബ് ടി എ , തട്ടാംപറമ്പിൽ | 5000 | 3000 |

ആയതിൽ പഞ്ചായത്ത് കമ്മറ്റിയുടെ 10/05/2021 ലെ 1 (8) നം തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ബിനു കെ തോമസ്, കട്ടക്കയത്തിനെ പ്രൊജക്ട് നിർവ്വഹണത്തിന് തിരഞ്ഞെടുത്തു. കരാറുകാരൻ രേഖപ്പെടുത്തിയ നിരക്ക് യഥാക്രമം 4800,2900 രൂപയാണ്. എന്നാൽ തുക നൽകിയതും ഫയൽ ലഭ്യമാക്കിയതുമായ രണ്ട് പ്രവൃത്തികളിൽ 4800 ന് പകരം 5000 രൂപയാണ് നൽകിയിരിക്കുന്നത് . വിശദ വിവരം താഴെ ചേർക്കുന്നു.

A.

| | |
|---|---|
| പ്രവൃത്തിയുടെ പേര്/ എം ബുക്ക് നം | കാലാമ്പൂര് ചിറ റിംഗ് റോഡ് ടൈൽ വിരിക്കൽ, വാർഡ് 3<br>155/21-22 |
| കരാറുകാരനു നൽകിയ തുക | 5000 |
| തുക നൽകിയതിന്റെ വിവരം | 14/07/2022<br>എസ് ബി ഐ മൂവാറ്റുപുഴ, അക്കൗണ്ട് നം |

| | |
|---|---|
| | 67138042834 |

B.

| | |
|---|---|
| പ്രവൃത്തിയുടെ പേര്/ എം ബുക്ക് നം | കളപ്പുരക്കുന്ന് റോഡ് ടൈൽ വിരിക്കൽ, വാർഡ് 3<br>151/21-22 |
| കരാറുകാരൻ നൽകിയ തുക | 5000 |
| തുക നൽകിയതിന്റെ വിവരം | ഓൺലൈൻ ട്രാൻസ്ഫർ 14/7/22<br>എസ് ബി ഐ മൂവാറ്റുപുഴ, അക്കൗണ്ട് നം<br>67138042834 |

ക്വട്ടേഷനിൽ രേഖപ്പെടുത്തിയ തുകയേക്കാൾ അധികരിച്ച് തുക നൽകിയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. കൂടാതെ മേൽ പറഞ്ഞവ കൂടാതെ അധിക തുക നൽകിയ പ്രൊജക്റ്റുകളുടെ വിശദ വിവരം ലഭ്യമാക്കേണ്ടതാണ്.

3.ലഭ്യമാക്കിയ രേഖകൾ പ്രകാരം 19 വ്യക്തിഗത പ്രൊജക്റ്റുകളുടെ ബോർഡിന് ഫണ്ട് ട്രാൻസ്ഫർ ഓർഡർ (FTO) തയ്യാറാക്കിയിട്ടുണ്ട് (ലിസ്റ്റ് പ്രത്യേകം ചേർക്കുന്നു). ആയതിൽ ബോർഡിന്റെ നിരക്കായി രേഖപ്പെടുത്തിയിരിക്കുന്നത് 3000 രൂപ വീതമാണ്. 2900 ന് പകരം 3000 രൂപ രേഖപ്പെടുത്തിയതിനാൽ കരാറുകാരന് 100 രൂപ വീതം അധികം നൽകുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ഇക്കാര്യം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. പ്രസ്തുത തുക അനുവദിച്ചാൽ തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടതിന് ഇതര പ്രവൃത്തികളുടെ ബില്ലിൽ നിന്ന് ആയത് കുറവ് ചെയ്തിട്ടുണ്ടെന്ന് അറിയിച്ചു.

4.ഇനിയും പേയ്മെന്റ് നൽകാനും എഫ് റ്റി ഒ തയ്യാറാക്കാനുമുള്ള എല്ലാ പ്രവൃത്തികളുടെ എം ബുക്കിലും 4800 ന് പകരം 5000 രൂപയെന്നും 2900 ന് പകരം 3000 രൂപയെന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ബില്ലിലെ അപാകത പരിഹരിക്കേണ്ടതാണ്.

പൊതു നിർദ്ദേശങ്ങൾ

കാലിത്തൊഴുത്ത് മുതലായ പ്രവൃത്തികളിൽ (ഭിത്തി ലഭ്യമായ പ്രവൃത്തികളിൽ ) പെയിന്റ് ചെയ്ത് ബോർഡ് സ്ഥാപിക്കുന്നതിനുള്ള ഇനം കൂടി ടെണ്ടറിൽ ഉൾപ്പെടുത്താവുന്നതാണ്. പ്രവൃത്തി തുടങ്ങുന്നതിനു മുൻപ് ബോർഡ് സ്ഥാപിക്കേണ്ടതും ഫോട്ടോ ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്. തകിട്, ഫ്ലെക്സ് മുതലായവയിൽ ബോർഡ് സ്ഥാപിക്കുന്നത് ഒഴിവാക്കേണ്ടതാണ്. കരാറുകാരുമായുള്ള എഗ്രിമെന്റ് പൂർണ്ണമായ രീതിയിൽ എഴുതി തയ്യാറാക്കേണ്ടതാണ്. ന്യൂനതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-25 അംഗൻവാടി നിർമ്മാണം - നിർവ്വഹണത്തിലെ പോരായ്മകൾ

ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ അംഗൻവാടി നിർമ്മാണ പ്രൊജക്റ്റിന്റെ നിർവ്വഹണത്തിൽ പോരായ്മകൾ സംഭവിച്ചിട്ടുള്ളതായി കാണുന്നു.പ്രൊജക്റ്റിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നം. | 124/22 |
| പ്രൊജക്റ്റിന്റെ പേര് | അംഗൻവാടി നം 44 പ്ലാസ്റ്ററിംഗ് & ടൈലിംഗ് |
| എസ്റ്റിമേറ്റ് തുക | 370652/- |
| ഫണ്ടിനം | ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 145652<br>തനത് ഫണ്ട് - 175000<br>റോഡിതരം -50000 |
| ചെലവ്/<br>ബിൽ നം | 399266/-<br>99/12.9.2021 |
| കരാറുകാരൻ | ജോബി ജോർജ് |
| എം ബുക്ക് നം | 504/20-21 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി: എഞ്ചിനീയർ |

മേൽ പ്രൊജക്റ്റ് കൂടാതെ കെട്ടിട നിർമ്മാണത്തിനായി 2020-21 ൽ പ്രൊജക്റ്റ് നം 114/2021 നടപ്പാക്കുകയും 400279 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. പോരായ്മകൾ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം 9/26/08/2022) നൽകിയതിന് 29/08/2022 ൽ മറുപടി ലഭ്യമാക്കി. ആയത് കൂടി പരിഗണിച്ചാണ് പരാമർശം തയ്യാറാക്കിയിട്ടുള്ളത്.

എഞ്ചിനീയറിംഗ് വിഭാഗത്തിലെ ഓവർസീയറുമായി നടത്തിയ പരിശോധനയിൽ കെട്ടിടത്തിന്റെ നിർമ്മാണം ശരിയായ രീതിയിൽ നടത്തിയിട്ടില്ലാത്തതായും മോണിറ്ററിംഗ് നടത്തിയിട്ടില്ലാത്തതുമായി കണ്ടു. വിശദ വിവരം താഴെ ചേർക്കുന്നു.

1.കിച്ചൻ സിങ്ക് സ്ഥാപിച്ചിട്ടുണ്ടെങ്കിലും കണക്ഷൻ കൊടുക്കുകയോ ഇതര പ്ലംബിംഗ് പ്രവൃത്തികൾ ചെയ്യുകയോ ചെയ്തിട്ടില്ല.

2.ടോയ്‌ലറ്റിലെ ഹെൽത്ത് ഫോസറ്റ് പൊട്ടിയ നിലയിലാണ് കാണുന്നത്. അംഗൻവാടി അധികൃതരിൽ നിന്ന് അറിയാൻ കഴിഞ്ഞത് മോശമായ ഹെൽത്ത് ഫോസറ്റാണ് ആദ്യം തന്നെ സ്ഥാപിച്ചത് എന്നാണ്.

3.കിച്ചണിലെ ടൈൽ ഒരെണ്ണം ഇളകി മാറിയിരിക്കുന്നു.

4.പെയിന്റിംഗിൽ പല ഭാഗത്തും പ്രൈമർ മാത്രമാണ് ഉപയോഗിച്ചിരിക്കുന്നത്. പുറം ഭിത്തിയിൽ ആയത് ഇളകിയ പോയ നിലയിലാണ്.

5.ചില ഭാഗങ്ങളിൽ പ്ലാസ്റ്ററിംഗ് ഇളകിയ നിലയിലാണ്.

നിർമ്മാണം സംബന്ധിച്ച് വിശദമായ സാങ്കേതിക പരിശോധന നടത്തി ഓഡിറ്റിന് റിപ്പോർട്ടും മറുപടിയും ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടതിന് നൽകിയ മറുപടിയിൽ ഹെൽത്ത് ഫോസറ്റിന് തുക നൽകിയിട്ടില്ലാത്തതായും, ഇതര അപാകതകൾ പരിഹരിക്കുന്നതാണെന്നും അറിയിച്ചു. അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-26 കോവിഡ് പ്രതിരോധ പ്രവർത്തനം - അവലോകനം

1)കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് വേണ്ടി 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ ഗ്രാമ പഞ്ചായത്ത് ചെലവഴിച്ച തുകയുടെ വിവരം താഴെ ചേർക്കുന്നു.

| ഫണ്ടിനം | 2020-21 | 2021-22 |
|---|---|---|
| പ്ലാൻ ഫണ്ട് | 872259 | 689087 |
| തനത് ഫണ്ട് | 159912 | 155399 |
| ആകെ | 1032171 | 844486 |

2)ലഭ്യമാക്കിയ രേഖകൾ പ്രകാരം സേക്രട്ട് ഹാർട്ട് ഹയർ സെക്കന്ററി സ്കൂൾ എന്ന സ്വകാര്യ സ്കൂളിലാണ് സി.എഫ്.എൽ.റ്റി.സി. ഒരുക്കിയിരുന്നത്. പാലിയേറ്റീവ് കെയർ കെട്ടിടം, സർക്കാർ സ്കൂൾ, ഇതര ഗവർമെന്റ് കെട്ടിടങ്ങൾ എന്നിവ പഞ്ചായത്ത് പരിധിയിൽ ഉണ്ടായിരിക്കെ സ്വകാര്യ സ്കൂളിൽ സി.എഫ്.എൽ.റ്റി.സി. ഒരുക്കിയതിന്റെ കാരണം വ്യക്തമാക്കണമെന്നാവശ്യപ്പെട്ടതിന് ഗ്രാമ പഞ്ചായത്തിന്റെ കീഴിലുള്ള സ്ഥാപനങ്ങളിൽ ഭൗതിക സൗകര്യം ഇല്ലാത്തതിനാലും പി.എച്ച്.സി. യോട് അടുത്ത സ്കൂൾ ആയതിനാലുമാണ് പ്രസ്തുത സ്കൂളിൽ സി എഫ് എൽ റ്റി സി ഒരുക്കിയത് എന്നറിയിച്ചു.

3)ഗ്രാമ പഞ്ചായത്തിലെ രേഖകൾ പ്രകാരം താഴെ പറയുന്ന പ്രവൃത്തികളാണ് സി എഫ് എൽ റ്റി സി ക്ക് വേണ്ടി ചെയ്തിട്ടുള്ളത്.

A) സിവിൽ വർക്ക് - വികസന ഫണ്ട് പൊതു വിഭാഗം -498139 രൂപ

B) സി എഫ് എൽ റ്റി സി അനുബന്ധ ചെലവുകൾ - 196120 രൂപ

B) കെട്ടിടമുറി 12/22 ൽ സൂക്ഷിച്ചിട്ടുള്ള വസ്തുക്കളുടെ വിശദ വിവരം.

4) സി എഫ് എൽ റ്റി സിക്ക് ശേഷം ഗ്രാമ പഞ്ചായത്തിൽ ഡി സി സി ആരംഭിച്ചിട്ടുണ്ട്.

5) കോവിഡുമായി ബന്ധപ്പെട്ട വരവ് ചെലവ് സൂക്ഷിക്കുന്നതിന് നാഷണലൈഡ്സ് ബാങ്കിൽ അക്കൗണ്ട് തുടങ്ങുന്നതിനാണ് നിർദ്ദേശം ലഭിച്ചിരുന്നത്. എന്നാൽ സ്വകാര്യ ബാങ്കിൽ അക്കൗണ്ട് ആരംഭിച്ചതായാണ് ലഭ്യമായ രേഖകളിൽ നിന്ന് വ്യക്തമാകുന്നത്. അക്കൗണ്ട് ആരംഭിക്കുന്നത് സംബന്ധിച്ച സർക്കാർ ഉത്തരവ് സ ഉ ( സാധാ) 929/2021/29.04.2021 ന് മുൻപ് തന്നെ അക്കൗണ്ട് ആരംഭിച്ചതിനാലാണ് സ്വകാര്യ ബാങ്കിൽ അക്കൗണ്ട് ആരംഭിച്ചത് എന്നറിയിച്ചു. മാത്രവുമല്ല പ്രസ്തുത അക്കൗണ്ടിൽ സംഭാവനകൾ ഒന്നും ലഭിച്ചിട്ടില്ലയെന്നും അറിയിച്ചു.

6)കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി യൂത്ത് വോളന്റിയർമാരുടെ സേവനം പ്രയോജനപ്പെടുത്തിയിട്ടുണ്ട്.

7) ഗ്രാമപഞ്ചായത്തിൽ കമ്മ്യൂണിറ്റി കിച്ചൻ പ്രവർത്തിച്ചിരുന്നു.

8)ഗ്രാമ പഞ്ചായത്തിൽ

കോവിഡ് സ്ഥിരീകരിച്ചവർ - 4150

രോഗം ഭേദമായവർ - 4102

മരണപ്പെട്ടവർ -48

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-2022 | ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് സർട്ടിഫിക്കേഷൻ നടത്തിയിട്ടുള്ളത് | |

.

### 4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 50000 | പച്ചക്കറി കൃഷി വികസനം | 50000 | 00 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 82316 | നെൽ കൃഷിക്ക് കൂലി ചെലവ് സബ്സിഡി | 82316 | 00 |
| ജില്ലാപഞ്ചായത്ത് | 2021-22 | 91375 | നെൽ കൃഷിക്ക് കൂലിചെലവ് സബ്സിഡി | 91375 | 00 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 80000 | ലൈഫ് എസ്.സി | 80000 | 00 |
| ജില്ലാപഞ്ചായത്ത് | 2021-22 | 1701900 | ലൈഫ് എസ്.സി | 1701900 | 00 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 702000 | ലൈഫ് ഭവനപദ്ധതി-ജനറൽ | 702000 | 00 |
| ജില്ലാപഞ്ചായത്ത് | 2021-22 | 870485 | ലൈഫ് ഭവനപദ്ധതി-ജനറൽ | 870485 | |
| ജില്ലാപഞ്ചായത്ത് | 2021-22 | 400000 | ലൈഫ് ഭൂരഹിത ഭവനരഹിതർ മൂന്നാം ഘട്ടം | 400000 | 00 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 295825 | ശാരീരിക മാനസസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 295825 | 00 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 99735 | അങ്കണവാടി അനുപൂരക പോഷകാഹാരം | 99735 | 00 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 173614 | അങ്കണവാടി നം.44 ടൈലിംഗ് ആന്റ് പ്ലാസ്റ്ററിംഗ് | 173614 | 00 |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 200000 | ക്ഷീരസഹകരണ സംഘങ്ങൾ വഴി വിതരണം ചെയ്യുന്ന പാലിന് സബ്സിഡി | 200000 | 00 |
| ജില്ലാപഞ്ചായത്ത് | 2021-22 | 74000 | ക്ഷീരസഹകരണ സംഘങ്ങൾ വഴി വിതരണം ചെയ്യുന്ന പാലിന് സബ്സിഡി | 74000 | 00 |
| ജില്ലാപഞ്ചായത്ത് | 2021-22 | 280825 | ശാരീരിക മാനസസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 280825 | 00 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 31910 | വീട്ടുവളപ്പിൽ കുളത്തിലെ മത്സ്യകൃഷി | 31910 | 00 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 56772 | ബയോഫ്ലോക്ക് മത്സ്യകൃഷി | 56772 | 00 |

.

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവ ഴിച്ച തുക | ചെലവ ഴിക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 148/22- ഇടപ്പഴം കവല ചേരിങ്കച്ചാൽ റോഡ് പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ വാർഡ് 7 | ഓൺലൈൻ പേയ്മെന്റ് | 250000 | 177558 | 72442 |
| കേരള വാട്ടർ അതോറിറ്റി | 155/22- കാവക്കാട് ചെറ്റുളി റോഡ് പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ വാർഡ് 8 | ഓൺലൈൻ പേയ്മെന്റ് | 250000 | 237056 | 12944 |
| അനെർട്ട് | 106/22-സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ വാർഡ്-1 | ഓൺലൈൻ പേയ്മെന്റ് | 165000 | യു.സി ലഭ്യമായിട്ടില്ല | |

.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തൻവർഷം തുകയൊന്നും നൽകിയിട്ടില്ല.

.

## 4-5 വായ്പ / വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരം ഭത്തിൽ തിരിച്ചട | തൻവർഷം തിരിച്ചടച്ച തുക | വർഷാവ സാനം തിരിച്ച |
|---|---|---|---|---|---|

| | | | ട്യ്ക്കാൻ ബാക്കി യുള്ള തുക | | | ടയ്ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി (ഹഡ്കോ) | ജി.ഒ.എം. എസ് 2278/ തസ്വഭവ 18.8.2018 | 5104472 | 3784473 | 1613332 | | 3711141 |

തിരിച്ചടവായി കാണിച്ചിട്ടുള്ള തുക ഉറവിടത്തിൽ കുറവ് ചെയ്തിട്ടുള്ളതാണ്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 50,00,000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 50,00,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 25,00,000 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 26,92,412 |

പലിശയുൾപ്പെടെയുള്ള സ്ഥിര നിക്ഷേപമാണ് 2692412/-.

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം. |
|---|---|---|
| എനാനെല്ലൂർ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 2692412/- | 12033/20 |
| ആകെ | 2692412 | |

## 4-7 ഓഡിറ്റ് റിക്കവറി

ധനകാര്യ പത്രിക പ്രകാരം ഈ ഇനത്തിൽ വരവില്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളൊന്നും ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 67791663 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 63431935 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 21000 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം
ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 21000/- | ജയരാജ്.പി .എം, സെക്രട്ടറി യവനഗ്രാമപഞ്ചായത്ത് |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം
ഇല്ല
ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ
ഇല്ല.

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടം/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ജയരാജ് പി.എം.<br>സെക്രട്ടറി | ജയരാജ് പി .എം.<br>സെക്രട്ടറി,<br>ആയവന<br>ഗ്രാമപഞ്ചായത്ത് | കളരിക്കത്തറ(ഹൗസ്),<br>വല്ലാർപാടം(പി.ഒ),<br>മുളവുകാട്,<br>എറണാകുളം ജില്ല |

4-10 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഈയിനത്തിൽ തൻവർഷം വരവൊന്നുമില്ല.

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഖണ്ഡിക നമ്പർ | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|---|
| 1996-97 | - | എൽ.എഫ്.ഇ(പി3)112/98 തീ. 16.04.98 |
| 1997-98 | 3-8 | എൽ.എഫ്.ഇ.(പി5)1028/02 തീ. 14.02.02 |
| 1998-99 | 13, 19, 21 | എൽ.എഫ്.ഇ.(പി5)848/03 തീ. 31.03.04 |
| 1999-00,<br>2000-01 | 2-1 മുതൽ 2-10 വരെ | എൽ.എഫ്.ഇ.(പി5)342/06 തീ. 09.11.06 |
| 1997-98 | - | എൽ.എഫ്.ഇ.(പി5)1978/07 തീ.30.09.08 |
| 1998-99 | 13, 19 | എൽ.എഫ്.ഇ.(പി5)1979/07 തീ. 30.09.08 |
| 1999-00 | 2-1 | എൽ.എഫ്.ഇ(പി5)1980/07 തീ. 30.09.08 |
| 2000-01 | 2-1 | എൽ.എഫ്.ഇ(പി5)1981/07 തീ. 30.09.08 |
| 2001-02 | 2-1, 3-1 മുതൽ 3-8 വരെ | എൽ.എഫ്.ഇ(പി5)1982/07 തീ. 30.09.08 |
| 2002-03 | - | എൽ.എഫ്.ഇ(പി5)811/10 തീ. 27.10.11 |
| 2003-04 | 3-1 മുതൽ 3-9 വരെ | എൽ.എഫ്.ഇ(പി5)812/10 തീ. 27.10.11 |
| 2004-05 | 3-1,3-3 | കെ.എസ്.എ.ഇ.കെ.എം പി8/190/21/30.3.21 |
| 2005-06 | 3-7 | കെ.എസ്.എ.ഇ.കെ.എം പി8/190/21/30.3.21 |
| 2006-07 | 2-1,3-4,3-5(2),(3),3-6(1,3,5,6,7, 8, 10), 3-7 | കെ.എസ്.എ.ഇ.കെ.എം പി8/719/21/29.7.19 |
| 2008-09 | 3-2(ബി,സി)3-3,<br>3-4(1,5) | കെ.എസ്.എ.ഇ.കെ.എം പി8/719/21/29.7.19 |
| 2009-10 | 2-5(1), 3-1, 3-3,<br>3-4, 3-5 | കെ.എസ്.എ.ഇ.കെ.എം പി8/719/21/29.7.19 |
| 2010-11,<br>2011-12 | 2-2, 3-1, 3-2, 3-3, 3-4(1,2), 3-10, 3-12 | കെ.എസ്.എ.ഇ.കെ.എം പി8/719/21/29.7.19 |
| 2012-13 | 3-2, 3-4, | കെ.എസ്.എ.ഇ.കെ.എം പി8/719/21/29.7.19 |
| 2013-14, 14-15 | 2-1, 3-1, 3-4, 3-5,<br>3-10, 3-11 | കെ.എസ്.എ.ഇ.കെ.എം പി8/719/21/29.7.19 |
| 2015-16 | 2-1, 2-3(1), 3-3, 3-4,3-5, 3-6, 3-8, 3-9,3-10 | കെ.എസ്.എ.ഇ.കെ.എം പി8/719/21/29.7.19 |
| 2016-17 | 2-2, 2-3, 2-4, 2-5,<br>2-6, 2-8 | കെ.എസ്.എ.ഇ.കെ.എം പി.ജി/1071/20/6.2.21 |
| 2017-18 | 2-1, 3-2, 3-3, 3-4, 3-5, 3-6 | കെ.എസ്.എ.ഇ.കെ.എം പി.ജി/1071/20/6.2.21 |
| 2018-19 | 1-13, 1-14, 1-16, 1-17,<br>1-18, 1-19, 1-20, 1-21, 1-24, 1-25,<br>1-26, 1-28, 1-29, 3-1, 4-1, 4-10 | കെ.എസ്.എ.ഇ.കെ.എം പി8/250/20/17.6.20 |
| 2019-20 | റിപ്പോർട്ട് പൂർണ്ണമായും | കെ.എസ്.എ.- ഇ.കെ.എം.(പി8)986/21 |

| | | |
|---|---|---|
| 2020-21 | 1-12 മുതൽ 1-27 വരെ | കെ.എസ്.എ.ഇ.കെ.എം.പി8/987/2021 /13/09/2021 |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ ആയവന ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ ആയവന ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്